മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *91.

*91-ാം നമ്പർ ചോദ്യവുമായി *115-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിനായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അപേക്ഷ നൽകിയിരുന്നു. ചോദ്യങ്ങൾ സമാനമല്ലാത്തതിനാൽ ക്ലബ്ബിംഗ് നിരസിക്കുകയാണ്.

## വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

1 (*91) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ശോചനീയമാണെന്നും സുരക്ഷിതമായ കെട്ടിടങ്ങളോ വൃത്തിയുള്ള ശുചിമുറികളോ പല സ്കൂളുകളിലും ഇല്ലായെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ-സി) പൊതുവിദ്യാഭ്യാസ മേഖലയിൽ നിലവിലുണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും വേണ്ടിയാണ് 2016-ൽ തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷൻ രൂപീകരിച്ചത്. ഇതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 10 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും

ചെയ്തിട്ടുണ്ട്. 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി പ്ലാൻ ഫണ്ട് ഉപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനായി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ നിർമ്മിക്കുന്നതിനും ഉള്ളവ വൃത്തിയായി സൂക്ഷിക്കുന്നതിനുമായി 'വൃത്തിയുള്ള ശുചിമുറി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന തുകയ്ക്കുപുറമേ പി.ഡി. അക്കൗണ്ടിലെ തുക ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 1000 സ്കൂളുകളിൽ ശുചിമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ

സംഘങ്ങളും ഇക്കാര്യത്തിൽ പറ്റാവുന്ന സഹായങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, പൊതുവിദ്യാലയങ്ങളുടെ ശോച്യാവസ്ഥയും അപര്യാപ്തതയുമെല്ലാം കേരളീയ പൊതുസമൂഹത്തെ മാത്രമല്ല ലോകമനസ്സാക്ഷിയെ ബോദ്ധ്യപ്പെടുത്തുന്നതാണ് ബത്തേരി സ്കൂളിലെ ഷഹന എന്ന പെൺകുട്ടി പാമ്പുകടിയേറ്റ് ദാരുണമായി മരിക്കാനിടയായ സംഭവം. നമ്മൾ അവകാശവാദങ്ങളുന്നയിക്കുമ്പോഴും പല സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇപ്പോഴും നിലനിൽക്കുന്നുവെന്നുള്ളത് വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ, 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓരോ നിയോജകമണ്ഡലത്തിലെയും ഒന്നുവീതം സ്കൂളുകളിൽ 5 കോടി രൂപയുടെ അടിസ്ഥാനസൗകര്യ പദ്ധതി എന്നുപറയുന്നുണ്ട്. 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിച്ചതിൽ 21 സ്കൂളുകളിൽമാത്രം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ (അന്നത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സ്കൂളുകളുടെ പേരെടുത്ത് പറഞ്ഞിരുന്നു) 10 സ്കൂളുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയിരത്തിൽ കൂടുതൽ

കുട്ടികൾ പഠിക്കുന്നതോ അല്ലെങ്കിൽ ഒരു നിയോജകമണ്ഡലത്തിൽ അങ്ങനെയൊരു സ്കൂളില്ലെങ്കിൽ 400-ലധികം കുട്ടികൾ പഠിക്കുന്നതോ ആയ സ്കൂളുകളെയാണ് അന്ന് സെലക്ട് ചെയ്ത് പ്രസിദ്ധീകരിച്ചത്. അതിൽ പത്ത് സ്കൂളുകളിൽ മാത്രമാണ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്. ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ വേണ്ടത്ര ധ്രുതഗതിയിൽ മുന്നോട്ടുപോകുന്നില്ല. സ്കൂളുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ അല്ലെങ്കിൽ ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എന്നത് ഒരു മാനദണ്ഡമായി സ്വീകരിക്കാമെങ്കിലും ആയിരക്കണക്കിന് സ്കൂളുകൾ പുറത്ത് നിൽക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ, ഇനിയൊരു ബത്തേരി ആവർത്തിക്കാതിരിക്കത്തക്ക രൂപത്തിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ബത്തേരി സംഭവം നിർഭാഗ്യകരമാണെന്ന് നമ്മളെല്ലാം പറഞ്ഞതാണ്. ഞാൻ ആ കുട്ടിയുടെ

വീട്ടിൽ ചെന്ന് സമ്മതിച്ചതാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യവികസനം നടക്കുന്നില്ലെന്നും അത് ലോകം മുഴുവൻ പ്രശസ്തമാണെന്നും ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തെറ്റാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യമെടുത്താൽത്തന്നെ ഇത് മനസ്സിലാകുന്നതാണ്. കഴിഞ്ഞ മൂന്ന് അക്കാദമിക് വർഷക്കാലമായി കേരളത്തിലെ 2200 സർക്കാർ സ്കൂളുകൾ പല ഘട്ടങ്ങളിലായി പുതുക്കിപ്പണിതുകൊണ്ടിരിക്കുകയാണ്. ചില സ്കൂളുകളുടെ വർക്ക് പൂർത്തീകരിച്ചു, ചിലത് പൂർത്തീകരിക്കാനുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള 141 സ്കൂളുകളുടെ പ്രവർത്തനം ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസം ആകുമ്പോഴേയ്ക്കും ബഹുഭൂരിപക്ഷം സ്കൂളുകളുടെയും പണി പൂർത്തിയാകുകയും ഉദ്ഘാടനം ചെയ്യാൻ കഴിയുകയും ചെയ്യും. 2200 സ്കൂളുകളാണ് ഇത്തരത്തിൽ പുതുക്കിപ്പണിതുകൊണ്ടിരിക്കുന്നത്. അതായത് സർക്കാർ സ്കൂളുകളുടെ ഏകദേശം 50 ശതമാനം സ്കൂളുകളും ഇപ്പോൾ പുതുക്കിപ്പണിതു കൊണ്ടിരിക്കുകയാണെന്ന് എല്ലാ എം.എൽ.എ.-മാർക്കും അറിയാം. അവരവരുടെ മണ്ഡലങ്ങളിലെ സർക്കാർ സ്കൂളുകളുടെ ശരാശരി 50 ശതമാനം സ്കൂളുകൾ ഇപ്പോൾ പുതുക്കിപ്പണിതുകൊണ്ടിരിക്കുകയാണ്. ഇതിനായി 3553

കോടി രൂപയാണ് സർക്കാർ ചെലവ്. ഏതെങ്കിലുമൊരു കാലയളവിൽ മൂന്ന് അക്കാദമിക് വർഷത്തിനുള്ളിൽ കേരളത്തിലെ വിദ്യാലയങ്ങളുടെ ഘടന മാറ്റാൻ മാത്രം 3553 കോടി രൂപ ചെലവ് ചെയ്തതായി കേട്ടിട്ടുണ്ടോ? അങ്ങനെയൊരു സംഭവം കേരള ചരിത്രത്തിലില്ല. മറ്റ് കണക്കുകളൊക്കെ ചോദ്യം വരുമ്പോൾ പറയാം. കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിൽ വലിയൊരു കുതിച്ചുചാട്ടം നടക്കുകയാണ്. ഓരോ മേഖലയിലും വലിയ മാറ്റങ്ങൾ നടക്കുന്നു. ബത്തേരിയിലെ പ്രശ്നം വന്നതിനുശേഷം സർവജന സ്കൂളിന് കെട്ടിടം നിർമ്മിക്കാനായി അവിടെ വച്ചുതന്നെ 2 കോടി രൂപ അടിയന്തരമായി നൽകുകയും ഒരു കോടി രൂപ ആ സ്കൂളിന് നേരത്തെതന്നെ അനുവദിച്ചിട്ടുള്ളതും പുതിയ ഹയർ സെക്കണ്ടറി കെട്ടിടം പണിയുന്നതിന് ഇപ്പോൾ 3 കോടി രൂപ അനുവദിക്കുകയും ചെയ്തു. അതുകൂടാതെ വയനാട് ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളുടെ ശുചിമുറി നിർമ്മാണം പൂർത്തിയാക്കുന്നതിനായി 1,51,20,000/- രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എത്ര വേഗത്തിലാണ് കേരളത്തിലെ സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നതെന്ന് നിങ്ങൾ അറിയണം.

കേരളത്തിൽ ആകെ നാലായിരത്തി തൊള്ളായിരത്തോളം സർക്കാർ സ്കൂളുകളുണ്ട്. അതിൽ 2200 സ്കൂളുകൾ ഇപ്പോൾ പുതുക്കിപ്പണിതുകൊണ്ടിരിക്കുന്നു. അവിടെയൊക്കെ നല്ല ശുചിമുറികൾ വന്നുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള 1506 സ്കൂളുകളിലെ ശുചിമുറികളുടെ അറ്റകുറ്റപ്പണികൾക്കായി 1978.5 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. വലിയൊരു കുതിച്ചുചാട്ടം നടക്കുകയാണ്. പക്ഷേ ഈയൊരു പ്രശ്നമുണ്ടായെന്നുള്ളത് ശരിയാണ്. ആ പ്രശ്നത്തിൽ നമ്മളെല്ലാം ഖേദിക്കുന്നുണ്ട്. മാത്രമല്ല, ഈ സന്ദർഭത്തിൽ കുട്ടികൾ സ്കൂളിൽ വന്നുചേർന്നുകൊണ്ടിരിക്കുന്ന സമയമാണ്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 5 ലക്ഷം കുട്ടികളാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് വന്നത്. ഇപ്പോഴത്തെ ട്രന്റ് അനുസരിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ വരാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി കാണുകയും ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള ശ്രമം എല്ലാവരുംകൂടി ചേർന്ന് നടത്തുകയും വേണം. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്ത് എന്തൊക്കെയോ വലിയ പ്രശ്നങ്ങളുണ്ടെന്ന് പറയുന്നത് ഈ മാറ്റങ്ങൾക്ക് വലിയ തിരിച്ചടിയാകുമെന്ന് കണ്ടുകൊണ്ട്

കേരളത്തിന്റെ അടിസ്ഥാന വികസന മാറ്റങ്ങളിൽ എല്ലാവരും കൂടുതൽ ശ്രദ്ധചെലുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബത്തേരി സ്കൂളിലെ സംഭവത്തെത്തുടർന്നാണ് സ്കൂളിന് പണം അനുവദിച്ചത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾത്തന്നെ വ്യക്തമായി. സർക്കാരിന്റെ കണ്ണ് തുറപ്പിക്കാൻ ആ സംഭവം പര്യാപ്തമായി. അതുവരെയും തുക അനുവദിച്ചിട്ടില്ലായിരുന്നുവെന്ന് ഈ ഉത്തരത്തിൽനിന്ന് വ്യക്തമാണ്. ഈ വർക്കുകളെല്ലാം ഏല്പിക്കുന്നതിനെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെയുണ്ട്. 2016-17-ലെ ബഡ്ജറ്റിൽ പറഞ്ഞ, ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വർക്കിനെ സംബന്ധിച്ച് 2017-18-ലെ ബഡ്ജറ്റിൽ പറയുന്നത്, അതിന് ഏജൻസിയെ നിശ്ചയിച്ചുകഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കുമെന്നാണ്. ഈ ഏജൻസിയെ നിശ്ചയിക്കുന്നത് വലിയ പ്രശ്നമാണ്. പല ഏജൻസികളും ഈ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കാനുള്ള man, machinery and money കൈവശമില്ലാത്തവയാണ്. പലപ്പോഴും കടലാസ് ഏജൻസികളെയാണ് വർക്ക് ഏല്പിക്കുന്നത്. ഒരു ലാപ്ടോപ്പും ഒരു ലെറ്റർ പാഡും മാത്രമുള്ള പിക്കാസും തൂമ്പയുമില്ലാത്ത ഏജൻസികൾക്കാണ് പല സർക്കാർ ജോലികളും നൽകുന്നത്.

അത് എന്തിനുവേണ്ടിയാണ്? കാര്യമാത്രപ്രസക്തമായും സമയബന്ധിതമായും ഈ ജോലികൾ തീർക്കാൻ എന്തുകൊണ്ട് കോംപറ്റിറ്റീവ് ടെണ്ടർ വിളിക്കുന്നില്ല? പി.ഡബ്ല്യൂ.ഡി. അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പോലെയുള്ള എഞ്ചിനീയറിംഗ് വിംഗിനെ കോംപറ്റിറ്റീവ് ടെണ്ടർ മുഖേന ഈ വിദ്യാഭ്യാസ മേഖലയിലെ പ്രവൃത്തികൾ ഏല്പിക്കുമോ? ചില അക്രഡിറ്റഡ് ഏജൻസികൾ ഈ പ്രവർത്തനങ്ങൾക്കെല്ലാം അനാവശ്യമായ കാലതാമസം വരുത്തുന്നു. അതൊഴിവാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ടെണ്ടർ മുഖേനയാണ് വർക്കുകൾ നടത്തുന്നത്. ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പോലെയുള്ള സ്ഥാപനങ്ങളെയായിരിക്കും അദ്ദേഹം ഉദ്ദേശിക്കുന്നത്. ഇപ്പോൾ കേരളത്തിലെ സ്കൂളുകളുടെ വർക്കുകൾ പൂർത്തിയാക്കിയെന്ന് പറയുന്നതിൽ മിക്കവാറും വർക്കുകളും നടത്തിയത് ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. കഴിഞ്ഞ ദിവസം ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.-യുടെ മണ്ഡലത്തിലെ 5 കോടി രൂപയുടെ കെട്ടിടം ജനങ്ങൾക്ക് സമർപ്പിച്ചു. നാടൻ ഭാഷയിൽ പറഞ്ഞാൽ ആ സ്കൂൾ കണ്ടാൽ കൊതി തോന്നും. അദ്ദേഹം ഇവിടെയുണ്ട്, ചോദിച്ച് നോക്കൂ. അതിന്റെ തലേ ദിവസം ശ്രീ. വി.

അബ്ദുറഹിമാൻ എം.എൽ.എ.-യുടെ മണ്ഡലത്തിലെ താനൂർ ദേവദാർ സ്കൂളിലെ 5 കോടി രൂപയുടെ കെട്ടിടം ഉദ്ഘാടനം ചെയ്തു. ഇതൊരു നിരന്തര പ്രക്രിയയാണ്. മിക്കവാറും എല്ലാ ദിവസവും ഞാൻ മൂന്ന് കോടി രൂപയുടെയും അഞ്ച് കോടി രൂപയുടെയും കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ടിരിക്കുകയാണ്. മൂന്ന് വർഷംകൊണ്ട് മൂവായിരത്തി ചില്വാനം കോടി രൂപയുടെ നിക്ഷേപം പരമാവധി വേഗത്തിൽ പൂർണ്ണമായും കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കാൻ കഴിഞ്ഞ ഏതെങ്കിലുമൊരു സ്ഥലമുണ്ടോ? അതാണ് ഞാൻ മാർച്ച് ആകുമ്പോഴേയ്ക്കും എന്നുപറഞ്ഞത്. ഞാൻ അതിന്റെ ഓരോന്നിന്റെയും കണക്ക് നൽകാം. ഓരോ മണ്ഡലത്തിലെയും സ്കൂൾ കെട്ടിടങ്ങളുടെ വർക്കിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും വർക്ക് എന്നത്തേയ്ക്ക് തീരും എന്നുള്ളതിന്റെ കണക്ക് ഇന്നോ നാളെയോ എല്ലാ എം.എൽ.എ.-മാരുടെയും ഓഫീസിലെത്തിക്കാം. വളരെ സ്പീഡിൽ കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. പെർഫെക്ടായി ടെണ്ടർ വച്ചുതന്നെയാണ് വർക്ക് ചെയ്യുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, സർക്കാരിന്റെ പൊതുവിദ്യാഭ്യാസ നയത്തിൽ ആകൃഷ്ടരായി പാമ്പുകൾപോലും ഇപ്പോൾ അഡ്മിഷൻ തേടി സ്കൂളുകളിൽ എത്തുന്നുണ്ട്. ഈ അക്കാദമിക് ഇയർ അവസാനിക്കാറായി, ഗവൺമെന്റ് സ്കൂളുകൾ ഉൾപ്പെടെയുള്ള പല സ്കൂളുകളിലും യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന സ്കൂൾ യൂണിഫോം എത്തിയിട്ടില്ല. എയ്ഡഡ് സ്കൂളുകളിൽ ചില സ്കൂളുകൾക്ക് യൂണിഫോമിനുള്ള പണം കൊടുത്തിട്ടുണ്ടെങ്കിലും പൂർണ്ണമായും കൊടുത്തിട്ടില്ല. യൂണിഫോം കൊടുക്കുന്നത് അവധിക്കാലത്ത് ഉപയോഗിക്കാൻവേണ്ടിയാണോ എന്നത് സർക്കാർ വ്യക്തമാക്കണം. എന്റെ ചോദ്യം, അക്കാദമിക് ഇയർ അവസാനിക്കാൻ ഒന്നര മാസം ബാക്കിയുള്ളപ്പോൾ, എല്ലാ സ്കൂളുകളിലും യൂണിഫോം കൊടുത്തിട്ടുണ്ടെന്ന് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ; അതുമാത്രമല്ല, യൂണിഫോമിന് ഇപ്പോൾ അനുവദിച്ചിരിക്കുന്നത് 600/- രൂപയാണ്. അതിൽ 200/- രൂപ സ്റ്റിച്ചിംഗ് കൂലിയും ബാക്കി രണ്ട് ജോഡി യൂണിഫോമിന് 400/- രൂപയുമാണ്. ഈ തുക വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ ഒരു കാര്യം സൂചിപ്പിച്ചു. നീതി ആയോഗിന്റെ വിലയിരുത്തലിൽ കേരളം സയിന്റിഫിക് ആൻഡ്

സ്റ്റാറ്റിസ്റ്റിക്സ് മെത്തേഡ് അനുസരിച്ച് ആർക്കും നിഷേധിക്കാൻ പറ്റാത്ത 82 പോയിന്റാണ് നേടിയത്. ഇവിടെയുള്ള 141 എം.എൽ.എ.-മാരും കൂടി ചേർന്നാണ് ആ 82 പോയിന്റ് നേടിയത്. 18 പോയിന്റ് ഇനിയും ബാക്കിയുണ്ട്. ആ 18 പോയിന്റും കൂടി എങ്ങനെയാണ് നേടിയെടുക്കേണ്ടത് എന്നാണ് നമ്മൾ ശ്രമിക്കേണ്ടത്. ഉണ്ടായ സംഭവത്തിൽ ഒരിക്കൽകൂടി വിഷമം രേഖപ്പെടുത്തിക്കൊണ്ട് തുടർന്നുള്ള പരിപാടികളായാലും ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, സ്കൂളുകളിൽ പാമ്പുകൾ വരുന്ന എന്ന രീതിയിലൊക്കെ പറഞ്ഞുകഴിഞ്ഞാൽ ഈ വർഷം കുട്ടികൾ സ്കൂളിലേയ്ക്ക് വരുന്നത് എങ്ങനെയായിരിക്കുമെന്ന് ഓർക്കണം. പൊതുവായ ഒരു പ്രശ്നത്തെ സമീപിക്കുമ്പോൾ, ആ പ്രശ്നം തിരുത്താൻവേണ്ടിയാണ് നോക്കേണ്ടത്. അല്ലാതെ ആ പ്രശ്നം കൊണ്ട് മൊത്തം സിസ്റ്റത്തെ തകർക്കാൻ വേണ്ടിയല്ല ശ്രമിക്കേണ്ടത്. അത് വളരെ ഗൗരവപൂർവ്വം ആലോചിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നമ്മളെല്ലാവരും ചേർന്ന് ചരിത്രത്തിൽ ഇതുവരെ ആരും നേടാത്ത 82 പോയിന്റാണ് കേരളം നേടിയത്. അത് ആർക്കെങ്കിലും നിഷേധിക്കാൻ പറ്റുമോ? ബാക്കി 18 പോയിന്റ് കൂടി വേണം. അവിടെ ചെറിയ കുറവുകളുണ്ട്; സമ്മതിക്കുന്നു. അത് ഈ പറഞ്ഞ 3553

കോടി രൂപയും ബാക്കി നിരവധി കോടി രൂപകളും ഹൈടെക് ആക്കാനുള്ള സംവിധാനവുമൊക്കെ ഉപയോഗിച്ച് നമ്മൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനിടയിൽ വരുന്ന സംഭവം ചിലപ്പോൾ നമ്മെ കണ്ണുതുറപ്പിക്കുമെന്നത് സത്യമാണ്. അത് തുറന്നുപറയുന്നതല്ലേ ശരി? എല്ലാവരുംകൂടി ഏറ്റെടുത്ത് തുടർന്ന് ആ പ്രശ്നം വരാതെ എല്ലാ മണ്ഡലത്തിലും കൂടുതൽ കുട്ടികൾ നമ്മുടെ സ്കൂളിലേയ്ക്ക് വരാനുള്ള ക്യാമ്പയിൻ നടത്തുന്നതിനുപകരം ഇത് നെഗറ്റീവ് ആക്കി കഴിഞ്ഞാൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസം കേരളത്തിനും രാജ്യത്തിനും മാതൃകയായിക്കൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസം എവിടെയെത്തുമെന്നുള്ള കാര്യം ആലോചിക്കണം. യൂണിഫോമിന്റെ ചില പ്രശ്നങ്ങൾ, ഉച്ചഭക്ഷണത്തിന്റെ പ്രശ്നങ്ങൾ എന്നിവയിൽ ചെറിയ സാമ്പത്തിക പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാൻ സാമ്പത്തിക പ്രതിസന്ധിയിലെ ഒരു ഘട്ടം കഴിഞ്ഞ് പൂർണ്ണമാക്കാനും പൈസ കൊടുക്കാനും സാധിക്കും. ഫിനാൻസിലെ ചെറിയ പ്രശ്നങ്ങളുണ്ടായിട്ടുണ്ടെന്ന് നമുക്കറിയാം. അതിനുള്ളിൽ വരുന്ന പ്രശ്നങ്ങൾ തീർക്കാൻ സാധിക്കും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2016-ൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇപ്പോഴും യഥാർത്ഥ രീതിയിൽ

മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. യഥാർത്ഥത്തിൽ കണ്ണുതുറക്കുകയെന്നത് വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടില്ലായെന്നുള്ളതാണ് സത്യം. അത് ബഹുമാനപ്പെട്ട മന്ത്രി നൽകിയ റിപ്പോർട്ടിലുണ്ട്. ഒരു വർഷം ഒരു സ്കൂൾ മികവിന്റെ കേന്ദ്രമാക്കുമെന്ന് പറഞ്ഞു. ഒരു മണ്ഡലത്തിൽ 5 വർഷംകൊണ്ട് 5 സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുമെന്നാണ് ആദ്യം പ്രസംഗിച്ചത്. ഇപ്പോൾ 141 സ്കൂളുകൾ എടുത്തതിൽ 21 എണ്ണം മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഞാനുൾപ്പെടെയുള്ള ഭൂരിപക്ഷം എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ കിഫ്ബിയുടെ വർക്ക് നീങ്ങുന്നത് വളരെ മന്ദഗതിയിലാണ്. എന്നുപറഞ്ഞാൽ എത്രയോ തവണ റിവ്യൂ മീറ്റിംഗ് നടത്തി. എന്റെ മണ്ഡലത്തിലെ കരാറുകാരനുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഫണ്ട് നൽകാത്തതുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ലായെന്നാണ്. 5 കോടി രൂപയുടെ സ്കൂൾ നിർമ്മിക്കുവാൻ 5 പണിക്കാർ പോലുമില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇവിടെ അംഗീകാരവും ഭരണാനുമതിയും നൽകുന്നുണ്ട്. ആയിരം കുട്ടികളുള്ള സ്കൂളിന് ഭരണാനുമതിയുണ്ട്. സ്കൂൾ തുടങ്ങിയോ; പ്രോജക്റ്റ് ആയോ; 500-നും 1000-

നം ഇടയിൽ കുട്ടികളുള്ള സ്കൂളുകൾക്ക് ഭരണാനുമതിയുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത ആയിരക്കണക്കിന് സ്കൂളുകൾ ഉണ്ടെന്നുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പാമ്പുകടിയേറ്റ് ഒരു കുട്ടി മരിച്ചുവെന്ന് കേൾക്കുമ്പോൾ അതിൽ ദു:ഖമുണ്ട്.

മി. സ്പീക്കർ: പ്ലീസ്.... ചോദ്യം ചോദിക്കൂ....

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ സംസ്ഥാനത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത നിരവധി സ്കൂളുകളുണ്ട്. അതിന്റെ കണക്ക് അങ്ങയുടെ കൈവശമുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കിഫ്ബിയുടെ പ്രോജക്ടുകളുടെ പ്രശ്നം നേരത്തെ സൂചിപ്പിച്ചു. അതുതന്നെയാണ് ഉത്തരം. മാർച്ച് മാസത്തിൽ 42 എണ്ണം പൂർത്തീകരിക്കുമെന്നാണ് കഴിഞ്ഞ റിവ്യൂവിൽ കിട്ടിയ കണക്ക്. ഈ അക്കാദമിക് ഇയർ പൂർത്തിയാകുമ്പോൾ 141 മികവിന്റെ കേന്ദ്രങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. മേയ് മാസത്തിൽ 101-ഉം സെപ്റ്റംബറിൽ 45 എണ്ണവുമാണ്. 2020 അവസാനമാകുമ്പോൾ 141 അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളുകൾ പൂർത്തിയാകാൻ പോകുകയാണ്. അതാണ് പ്രധാനമായും കിഫ്ബിയുടെ നേതൃത്വത്തിൽ നടക്കുന്നത്. അതുപോലെ പല

ദിക്കിലും ഞാൻ നേരിട്ട് കണ്ടതാണ്, 5 കോടി രൂപയുടെ കെട്ടിടങ്ങളെക്കാൾ 3 കോടി രൂപയുടെ നല്ല കെട്ടിടങ്ങളാണുള്ളത്. അത് അങ്ങയുടെ മണ്ഡലത്തിലുമുണ്ട്. അതിന്റെ കണക്ക് ഞാൻ തരാം. കോൺട്രാക്ട് എടുക്കുമ്പോൾ പല സാഹചര്യങ്ങളിലും പല കാരണങ്ങൾ കൊണ്ടും എന്റെ മണ്ഡലത്തിലും പണി പിറകോട്ടുപോയിട്ടുണ്ട്. ഒരു സംസ്ഥാനത്ത് മൊത്തം 2200 സ്കൂളുകളുടെ കൺസ്ട്രക്ഷൻ നടക്കുമ്പോൾ എല്ലാം ഒരേ രീതിയിൽ പോകുമെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ഏതെങ്കിലും ഒരു കൺസ്ട്രക്ഷൻ നേരിട്ട് നടത്തിയിട്ടുള്ള ഒരാൾക്ക് സംസ്ഥാനത്ത് 3500 കോടി രൂപയുടെ 2200 സ്കൂളുകൾ പണിതുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞാൽ അത് ഒരു കൊല്ലത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പറയുന്നതാണോ, അല്ലെങ്കിൽ ഇതൊക്കെ ഒരൊറ്റ നിലയ്ക്ക് തീരണം എന്നുപറയുന്നതാണോ; ഇതിൽ ഏതാണ് ശരി? ഒരു ലോജിക് അനുസരിച്ച് ഇതെങ്ങനെയാണ് സംഭവിക്കുന്നത്? പല ദിക്കിലും ചെല്ലുമ്പോഴായിരിക്കും സോയിൽ ടെസ്റ്റ് നടത്തണമെന്ന് പറയുന്നത്. സോയിൽ ടെസ്റ്റ് നടത്തിക്കഴിയുമ്പോഴായിരിക്കും എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് പറയുക. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോഴാണ് അതിൽ പൈസയില്ലായെന്ന് പറയുന്നത്. ഇത് സ്വാഭാവികമാണ്. ഏത്

കൺസ്ട്രക്ഷനിലാണ് ഇങ്ങനെ വരാത്തത്? ഇവിടെ എത്രയോ കൺസ്ട്രക്ഷൻ വർക്കുകൾ നടക്കുന്നു. ആ കൺസ്ട്രക്ഷൻ മോണിറ്റർ ചെയ്യാത്തതുകൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. പലതും ഇത്തരത്തിൽ ഓരോ പ്രശ്നം വരുമ്പോൾ അത് മറികടക്കാനുള്ള ശ്രമം നടത്തുമ്പോഴുണ്ടാകുന്ന ലാഗിംഗ് മാത്രമാണ്. അതുകൊണ്ട് ഇവിടെ നടത്തുന്ന വലിയ പ്രവർത്തനങ്ങൾ തീർച്ചയായും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. വീണ്ടും ഞാൻ എല്ലാവരുടെയും സഹായം അഭ്യർത്ഥിക്കുകയാണ്. അങ്ങ് മോണിറ്റർ ചെയ്യുവെന്ന് പറഞ്ഞു. ഞങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്. ഒരു സംശയവും വേണ്ട, 2200 കെട്ടിടങ്ങൾ, മൊത്തം സർക്കാർ സ്കൂളിന്റെ 50 ശതമാനത്തോളം വരുന്ന കെട്ടിടങ്ങൾ ഈയൊരു വർഷം പൂർത്തിയാകാൻ പോകുകയാണ്. ഇത് റെക്കോർഡാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, 5 വർഷം കൊണ്ട് ഒരു സ്കൂൾ എങ്കിലും പൊതുവിദ്യാഭ്യാസ മേഖലയിൽ മേന്മയുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനം ആകണമെന്ന് ആഗ്രഹിക്കുന്ന ഒരു എം.എൽ.എ. ആണ് ഞാൻ. നമ്മുടെ രാജ്യത്ത് നടപ്പാക്കിയിട്ടുള്ള വിദ്യാഭ്യാസ അവകാശനിയമം 2010 പ്രകാരം പൊതുവിദ്യാഭ്യാസ മേഖലയിലുള്ള സ്കൂളുകളുടെ ഘടനാപരമായ മാറ്റത്തിന്റെ

ഭാഗമായി നിലവിൽ 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി സ്കൂളുകളിൽ 5-ാം ക്ലാസ്സും, 7-ാം ക്ലാസ്സുവരെയുള്ള അപ്പർ പ്രൈമറി സ്കൂളുകളിൽ 8-ാം ക്ലാസ്സും മാറ്റി ക്രമീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? കേരളത്തിൽ പല ജില്ലകളിലും 5-ാം ക്ലാസ്സ് ലോവർ പ്രൈമറി വിഭാഗമായി തുടങ്ങിയിട്ടുണ്ട്. അത്തരം വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 1 മുതൽ 5 വരെയുള്ള ലോവർ പ്രൈമറി സ്കൂളുകളിൽ നിരവധി കേസുകൾ ഉണ്ടായിട്ടുള്ളതാണ്. അത് കോടതി എടുത്ത കേസാണ്. അതിന് സർക്കാർ കൃത്യമായ മറുപടി കൊടുക്കുകയും സർക്കാരിന് അനുകൂലമായി വിധിയും വന്നിട്ടുള്ളതുമാണ്. അക്കാര്യം ഇപ്പോഴുള്ള കേരളത്തിന്റെ വിദ്യാഭ്യാസ ഘടനയനുസരിച്ച് നമുക്ക് ആലോചിക്കാൻ കഴിയാത്തതാണെന്ന് സർക്കാർ അറിയിച്ചിട്ടുള്ളതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, പൊതു വിദ്യാഭ്യാസരംഗത്തുള്ള മാറ്റങ്ങൾ രാഷ്ട്രീയ വിരോധമുള്ളവർ മാത്രമേ കാണാൻ കഴിയാതെ പോകുകയുള്ളൂ. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തിൽ വലിയ മാറ്റമുണ്ട്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മന്ത്രി എന്റെ നാട്ടിൽ ഒരു സ്കൂൾ ഉദ്ഘാടനം ചെയ്തു. ആ

സ്കൂളിനുവേണ്ടി ജനങ്ങൾ 75 ലക്ഷം രൂപയാണ് സമാഹരിച്ച് നൽകിയിട്ടുള്ളത്. ഇത് ഒറ്റപ്പെട്ട അനുഭവമല്ല. കേരളത്തിലെ എല്ലാ മണ്ഡലങ്ങളും പൊതുജനങ്ങളും കക്ഷിരാഷ്ട്രീയത്തിന് അതീതമായി സ്വീകരിക്കുന്ന ഒരു നിലപാടാണ്. എന്റെ ചോദ്യം, ഇൻകെൽ-നെ ഏൽപ്പിച്ചിട്ടുള്ള നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത് ഒരു റിവ്യൂ മീറ്റിംഗ് വിളിച്ചു ചേർക്കാൻ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും, ഇൻകെൽ-ന്റെ ചെറിയ പ്രശ്നമുണ്ടായിരുന്നത് ലാഗ് ചെയ്തതാണ്. അതുസംബന്ധിച്ച് റിവ്യൂ നടത്തി ഉടൻതന്നെ അതിന് ഒരു തീരുമാനമായിട്ടുണ്ട്. ആ പ്രശ്നം എത്രയും വേഗം പൂർത്തീകരിക്കാൻ അവർ ഓഫർ തന്നിട്ടുണ്ട്. അതിന്റെ സ്റ്റെപ്പുകൾ അവർ എടുക്കുന്നുണ്ടോയെന്ന് സർക്കാർ റിവ്യൂ ചെയ്യുന്നുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, പൊതുവിദ്യാഭ്യാസ മേഖലയിൽ ധാരാളം ഇൻവെസ്റ്റ്മെന്റ് നടക്കുന്നു, പണികൾ നടക്കുന്നുവെന്ന് നേരത്തെ പറഞ്ഞത് ഒരു പുകമറ മാത്രമാണ്. ഭരണാനുമതി നൽകിയിട്ടുണ്ടെന്ന കാര്യം അംഗീകരിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നാളെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുകയാണ്. മൂന്ന്

വർഷംമുമ്പ് ഇതേ ധനകാര്യ വകുപ്പുമന്ത്രി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നിരവധി സ്കൂളുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്റെ മണ്ഡലത്തിലെ ഗോഖലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളും ചാലുശ്ശേരി ഹയർ സെക്കണ്ടറി സ്കൂളും ആ ലിസ്റ്റിലുണ്ടായിരുന്നു. ഇതുവരെ അതിന്റെ ടെണ്ടർ നടന്നിട്ടില്ല. 3500 കോടി രൂപ കടലാസിൽ മാത്രമേയുള്ളൂ. കഴിഞ്ഞ ഡി.ഡി.സി. മീറ്റിംഗിൽ ജില്ലയിലെ ഉദ്യോഗസ്ഥന്മാർ അതിന്റെ ലിസ്റ്റ് തന്നു. ഒരു സ്കൂളിന്റെ പോലും പ്രവൃത്തികൾക്കുവേണ്ട ടെണ്ടർ നടപടികളിലേയ്ക്കുപോലും കടന്നിട്ടില്ല. ഇതാണ് കിഫ്ബി വർക്കുകളുടെ അവസ്ഥ. അത് എത്രയും വേഗം ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതുപോലെ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് നിരവധി സ്കൂളുകളിൽ കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകാറുണ്ട്. ഏജൻസികൾ ചെയ്യു പ്രവൃത്തികളുടെ ബിൽ സമയബന്ധിതമായി മാറിക്കൊടുക്കാത്തതുകൊണ്ട് ഒരു പ്രവൃത്തിയും മുന്നോട്ടുപോകുന്നില്ല. എനിക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്, എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്കൂളുകൾക്ക് കെട്ടിടങ്ങൾ

നിർമ്മിക്കാൻ അനുവദിക്കുമ്പോൾ അതിന്റെ ബില്ലുകൾ സമയബന്ധിതമായി നൽകുന്നുവെന്ന് ഉറപ്പുവരുത്തി ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സഹായം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ; ഡി.പി.ഐ.-യിലെയും സംസ്ഥാനത്തെ ഹയർ സെക്കണ്ടറി ഡിപ്പാർട്ട്മെന്റിലേയും ഫിനാൻസ് ഓഫീസർമാരുമായി ബന്ധപ്പെട്ട് ബില്ലുകൾ സമയബന്ധിതമായി നീങ്ങുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർക്കേണ്ട പ്രശ്നങ്ങൾ തീർക്കാം. കോൺട്രാക്ടർക്ക് തുക നൽകാത്തതിന്റെ പ്രശ്നം തീർത്തുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞു. ഇനിയെന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പരിഹരിക്കാം. ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലെ പ്രവർത്തി ആരംഭിച്ച മൊത്തം സ്കൂളുകളുടെയും ലിസ്റ്റ് ഇന്ന് വൈകുന്നേരമോ നാളെ രാവിലെയോ ഞാൻ തരാം. അതിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്കൂളുകളുടെ പേര് എന്നെ അറിയിക്കണം. 2200 സ്കൂളുകളുടെയും കൃത്യമായ ലിസ്റ്റും തരാം. ദയവ് ചെയ്ത് പണി നടക്കുന്നില്ലെന്ന് മാത്രം പറയരുത്. വലിയ വർക്കുകളായതുകൊണ്ട് ചില കോൺട്രാക്ടർമാർ ടെണ്ടർ എടുക്കാത്ത സാഹചര്യമുണ്ട്. ടെണ്ടർ എടുക്കാത്ത പ്രശ്നം, റിവൈസ് ചെയ്യാത്ത പ്രശ്നം ഇതൊക്കെ സ്വാഭാവികമാണെന്ന് ഞാൻ

നേരത്തെ സൂചിപ്പിച്ചു. കൺസ്ട്രക്ഷൻ സമയത്തുണ്ടാകുന്ന ചെറിയ കുറവുകൾ മാസാമാസംതന്നെ സൂക്ഷ്മമായി റിവ്യൂ ചെയ്ത് അഡ്രസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കും. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഇരുട്ടിന്റെ പ്രതിസന്ധി പരിഹരിക്കാനുള്ള വെളിച്ചമാണുണ്ടായത്. കണ്ണടയ്ക്കുന്നവർക്ക് മാത്രമേ വീണ്ടും ഇരുട്ടായി തോന്നുകയുള്ളൂ. സ്കൂളുകളുടെ പ്രവർത്തനങ്ങളെ അദ്ധ്യാപകരും വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും അവിടെയുള്ള സന്നദ്ധ സംഘടനകളുമൊക്കെയായി ബന്ധപ്പെടുത്തി ഒരു ജനകീയ സാമൂഹിക വിദ്യാഭ്യാസം നടപ്പിലാക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ സ്കൂളും ഇതിനോട് ഒരേതരത്തിലല്ല പ്രതികരിക്കുന്നത്. എന്റെ മണ്ഡലത്തിലെ ചില സ്കൂളുകളിൽ, ഗവൺമെന്റ് അനുവദിക്കുന്നതിനേക്കാൾ കൂടുതൽ തുകയുടെ വികസനപ്രവർത്തനങ്ങൾ നടത്തുകയാണ്. നമ്മുടെ അദ്ധ്യാപക സമൂഹത്തിന് ഇപ്പോൾ നല്ല മാറ്റം വന്നിട്ടുണ്ട്. ഇനിയും മാറേണ്ടതുണ്ട്. പൊതുസ്കൂളുകളിലേയ്ക്കുള്ള

വിദ്യാർത്ഥികളുടെ ഒഴുക്ക് സമൂഹത്തിൽ മാറ്റം വരുന്നതിന്റെ തെളിവാണ്. പൊതുസമൂഹത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ ജനപ്രതിനിധികളുമായി ചേർന്ന് അത് പരിഹരിക്കണം. കെട്ടിട നിർമ്മാണം മാത്രമല്ല, നിർമ്മിച്ച കെട്ടിടത്തിനകത്ത് ഉണ്ടാകേണ്ട സാമൂഹികജനകീയ മാറ്റമുണ്ട്; അതിൽ എവിടെയെങ്കിലും കുറവുണ്ടെങ്കിൽ പ്രത്യേകമായി ഇടപെടാനുള്ള സംവിധാനമുണ്ടാക്കുമോയെന്നാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇത് നല്ലൊരു ചോദ്യമാണ്. കുറവുകളുണ്ടെങ്കിൽ നികത്തുമോ കൂടുതൽ ജനകീയമാക്കുമോയെന്നാണ് അങ്ങ് ചോദിച്ചത്. തീർച്ചയായും, അതിനുവേണ്ടി നമ്മളെല്ലാവരും ഒരുമിച്ച് ശ്രമം നടത്തേണ്ടതാണ്. കേരളം ജനകീയ വിദ്യാഭ്യാസത്തിന് മാതൃകയായിക്കൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പല ലേഖനങ്ങളും വന്നിട്ടുണ്ട്. നിങ്ങളിൽ പലരും അത് വായിച്ചിട്ടുണ്ടാകും. ലോകത്ത് ജനകീയ വിദ്യാഭ്യാസമെന്ന സങ്കൽപ്പം വളരെ കുറവാണ്. ആ സങ്കൽപ്പത്തിലേയ്ക്ക് കേരളവും വളർന്നുവരികയാണ്. മൂലധന വിദ്യാഭ്യാസം നയിക്കുമ്പോൾ മൂലധനത്തിന് താൽപ്പര്യമുള്ള തലമുറയും കോർപ്പറേറ്റ് വിദ്യാഭ്യാസം നയിക്കുമ്പോൾ കോർപ്പറേറ്റ് താൽപ്പര്യമുള്ള തലമുറയും ജനങ്ങൾ

വിദ്യാഭ്യാസത്തെ നയിക്കുമ്പോൾ ജനങ്ങളുടെ താൽപ്പര്യമുള്ള തലമുറയുമാണ് വളരുന്നത്. അതിനെയാണ് മതനിരപേക്ഷ ജനാധിപത്യ സംസ്കാരമെന്ന് പറയുന്നത്. 'കൂടുതൽ കൂടുതൽ ജനകീയമാക്കു' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും അഭ്യർത്ഥിക്കാറുണ്ട്. സ്വാഭാവികമായും അത് നല്ലതുതന്നെയാണ്. ക്ലാസിൽ നല്ല മാറ്റങ്ങളാണ് നടക്കുന്നത്. ഒരു ലക്ഷം രൂപ ചെലവഴിച്ച് നല്ല ക്ലാസ് മുറികളുണ്ടാക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ച് അതിനുള്ള പദ്ധതികൾ തയ്യാറാക്കി വരികയാണ്. ക്ലാസിനകത്തുതന്നെ ഹൈടെക് സംവിധാനവും ലൈബ്രറിയും വരുമ്പോൾ അറിവിന്റെ സമ്പന്നതയുടെ പരിസരത്തിൽ കുട്ടിയിരിക്കുന്ന ഒരു പശ്ചാത്തലമുണ്ടാകുകയാണ്. ശൂന്യതയുടെ പശ്ചാത്തലത്തിൽ കുട്ടിയിരിക്കുമ്പോൾ മനസ് ശൂന്യവും സമ്പന്നമായ സംസ്കാരത്തിന്റെ പരിസരത്തിലിരിക്കുമ്പോൾ സമ്പന്നമായ സംസ്കാരത്തിന്റെ ഉൾക്കൊള്ളലുമുണ്ടാകും. അറിവിന്റെ സമ്പന്നതയുടെ പരിസരത്ത് കുട്ടിയെ ഇരുത്തുകയെന്ന സംസ്കാരം വികസിപ്പിച്ചെടുക്കാനാണ് ക്ലാസ് മുറികളിൽ ഈ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്. അതെല്ലാം തികച്ചും ജനകീയമാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കി, ജനകീയ വിദ്യാഭ്യാസത്തിന്റെ മാതൃകയാക്കി ഇതിനെ

മാറ്റണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, വിദ്യാഭ്യാസ രംഗത്ത് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് എം.എൽ.എ.-മാർ മോണിറ്റർ ചെയ്യുകയും അതനുസരിച്ച് മുന്നോട്ട് പോകുകയും വേണം. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് തന്നെ സമഗ്ര വിദ്യാഭ്യാസത്തിന്റെ ഭാഗമായി എന്റെ മണ്ഡലത്തിലെ എല്ലാ ഗവൺമെന്റ് സ്കൂളുകളും സിമന്റ് തറ മാറ്റി ടൈൽ ഇട്ട് മനോഹരമാക്കി പ്രത്യേകമായ ബോർഡ് വയ്ക്കുകയും ചെയ്ത ഒരു ജനപ്രതിനിധിയാണ് ഞാൻ. ലാംഗ്വേജ് ലാബിനുവേണ്ടി സംവിധാനവും ഏർപ്പെടുത്തി. ഇപ്പോൾ ഈ പദ്ധതിയിൽ അഞ്ച് കോടി രൂപ മുടക്കിയിട്ടുള്ള കൽപ്പകഞ്ചേരി സ്കൂളിന്റെ ജോലികൾ പണം ലഭിക്കാത്തതിനാൽ ഇഴഞ്ഞുനീങ്ങുകയാണ്. അത് ജാഗ്രതയോടെ കൈകാര്യം ചെയ്താൽ വളരെ പെട്ടന്ന് പണി പൂർത്തിയാക്കാൻ സാധിക്കും. തിരൂർ ബോയ്സ് ഹൈസ്കൂളിൽ ആയിരം കുട്ടികൾ പഠിക്കുന്ന സ്കൂളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കി എല്ലാം കഴിഞ്ഞ് അവസാന നിമിഷം വീണ്ടും ടെണ്ടർ ചെയ്ത് ആദ്യം മുതലുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയുന്നത്. കിറ്റ്കോ എന്ന ഏജൻസി ഏറ്റെടുത്ത് എല്ലാം തയ്യാറാക്കി ടെണ്ടറിന് വച്ചതാണ്, റീ-ടെണ്ടർ ചെയ്യുമ്പോൾ വീണ്ടും കാലതാമസമുണ്ടാകും.

പ്രത്യേകമായ നിർദ്ദേശം നൽകി എത്രയും പെട്ടെന്ന് ഈ സ്കൂളിന്റെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തിരൂർ ബോയ്സ് ഹൈസ്കൂളിലെ വിഷയം സംബന്ധിച്ച് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ നേതൃത്വം നൽകി സ്കൂളുകൾ ടൈൽ ഇട്ടു. ഇതുതന്നെയാണ് മാതൃക. ഇത്തരത്തിൽ ചെയ്താൽ എല്ലാ സ്കൂളുകളിലെയും പ്രശ്നം പരിഹരിക്കാം. ഇതിനെല്ലാം ചില സർക്കുലർ ഇറങ്ങിയിട്ടുണ്ട്. അതത് സമയത്ത് അതത് എം.എൽ.എ.-മാർക്ക് അവ അയച്ചുകൊടുത്തിട്ടുണ്ട്. സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനുവേണ്ടി സ്കൂളിന്റെ തന്നെ പി.ഡി. അക്കൗണ്ടിൽ നിന്ന് പണമെടുത്ത് ആ സ്കൂളിൽ തന്നെ ചെലവഴിക്കാനുള്ള ഉത്തരവാണ് ഡി.ജി.ഇ.-യുടേത്. സ്കൂളും പരിസരവും വൃത്തിയാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിക്കാൻ അനുവാദം നൽകുന്ന തദ്ദേശഭരണ സെക്രട്ടറിയുടെ ഒരു സർക്കുലറുണ്ട്. ഇതുകൂടാതെ ഒരു ലക്ഷം രൂപവരെയുള്ള ഫണ്ട് സ്കൂളുകൾക്ക് അനുവദിക്കാനുള്ള സഹകരണ രജിസ്ട്രാറുടെ അനുമതിയുണ്ട്. ഇതെല്ലാം എല്ലാ എം.എൽ.എ. മാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. ഇത് എം.എൽ.എ. ഫണ്ടോ എം.പി. ഫണ്ടോ പ്ലാൻ ഫണ്ടോ കിഫ്ബി ഫണ്ടോ കൂടാതെ ലഭിക്കാവുന്ന തുകകളാണ്. ഇത്

കൃത്യമായി മോണിറ്റർ ചെയ്താൽ (2200+1506) 3706 സ്കൂളുകളിൽ പ്ലാൻ എന്ന രീതിയിൽ ശുചിമുറി വൃത്തിയാക്കുന്നതിന് 'വൃത്തിയുള്ള ശുചിമുറി' എന്ന പദ്ധതി ആരംഭിച്ചിരിക്കുകയാണ്. എല്ലാ സ്കൂളുകൾക്കും ശുചിമുറി വൃത്തിയാക്കുന്ന സാഹചര്യമുണ്ടാകണം. അതിനുവേണ്ടി മൂന്ന് സർക്കുലറുകളുണ്ട്. അതുപോലെ പി.ഡി. അക്കൗണ്ട് വിനിയോഗിക്കാനുള്ള അവസ്ഥയുണ്ട്. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് ശുചിമുറിയുണ്ടാക്കാനുള്ള നിർദ്ദേശം ഇപ്പോൾ കൊടുത്തിട്ടുണ്ട്. ശുചിത്വമിഷൻ 802 ടോയ്ലെറ്റുകൾ നിർമ്മിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം രേഖകൾ അതത് എം.എൽ.എ. മാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാമുള്ള ശ്രദ്ധ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ആര് ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടാലും അപ്പോൾത്തന്നെ അത് ശ്രദ്ധിക്കും എന്ന കാര്യം ഉറപ്പാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളീയ വിദ്യാഭ്യാസ മണ്ഡലത്തിൽ നന്മയുടെ പൂമരങ്ങൾ തീർത്തുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, നമ്മുടെ എല്ലാ പ്രദേശങ്ങളിലും പ്രവൃത്തി

ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും വിവിധ വിദ്യാലയങ്ങളിലെ - സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ വാഹനങ്ങളുടെ മത്സരയോട്ടം നടക്കുകയാണ്. ഒരേ വഴിയിലൂടെ വിവിധ സ്കൂളുകളിലേയ്ക്കുള്ള കുട്ടികൾ വിവിധ വാഹനങ്ങളിലായി പോകുന്ന ഒരു സ്ഥിതിയാണുള്ളത്. അതോടൊപ്പം തന്നെ പല സർക്കാർ വിദ്യാലയങ്ങളിലേയ്ക്കും എം.എൽ.എ.-മാർ അനുവദിച്ച വാഹനങ്ങൾ പി.ടി.എ.-കൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാതെയായിരിക്കുകയാണ്. അതിന്റെ ഇൻഷ്വറൻസ് അടയ്ക്കാനും മെയിന്റനൻസ് നടത്താനും കഴിയാതെ ഇപ്പോൾ പരാതിയുമായി വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം ഒരു സ്ഥിതിയിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ പി.ടി.എ.-കൾക്ക് വാഹനം നൽകുന്നതിനുപകരം തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമിതികൾക്ക് വാഹനങ്ങൾ നൽകിയാൽ ഒരേ ഭാഗത്തുനിന്ന് ഒരേ വഴിയിലൂടെ വിവിധ പൊതു വിദ്യാലയങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളെ നമുക്ക് എത്തിക്കാൻ സാധിക്കും. ഈ സാഹചര്യത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമിതികൾക്ക് വാഹനങ്ങൾ വാങ്ങി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ തടസ്സം നിലനിൽക്കുകയാണ്. അത്

മറികടക്കാൻ താങ്കൾ നേതൃത്വം നൽകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് നല്ല നിർദ്ദേശമാണ്. നിലവിലുള്ള നിയമങ്ങളും ധനകാര്യ വകുപ്പിന്റെ നിർദ്ദേശവുമൊക്കെ പലതരത്തിൽ മാറ്റിയിട്ടുവേണം ഈ നിർദ്ദേശം പരിശോധിക്കേണ്ടത്. ഏതായാലും നല്ല ഒരു നിർദ്ദേശമാണ്. അത് പരിഗണിക്കാവുന്നതാണ്.

നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

2 (*92) ശ്രീ. പി. കെ. ശശി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കരാറുകാരനുമായി ഒത്തുകളിച്ച് ചെയ്യാത്ത ജോലിക്ക് പണം തട്ടിയ കേസ്സിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; ആ കാലഘട്ടത്തിൽ പാലാരിവട്ടം പാലം, മലയോര ഹൈവേ എന്നിവ ഉൾപ്പെടെയുള്ള പാലങ്ങളുടെയും റോഡുകളുടെയും നിർമ്മിതിയിൽ അഴിമതി നടത്തി ഗുണനിലവാരം ഇല്ലാതാക്കിയെന്ന ആക്ഷേപത്തെക്കുറിച്ച് പരിശോധന

നടത്തുമോ;

(ബി) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന പാലങ്ങൾക്കും റോഡുകൾക്കും ഡിഫക്ട് ലയബിലിറ്റി പിരീഡ് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡുനിർമ്മാണ പ്രവൃത്തികളിൽ ലൈറ്റ് വൈറ്റ് ടോപ്പിംഗ് ഉൾപ്പെടെയുള്ള എന്തെല്ലാം ആധുനിക നിർമ്മാണരീതികളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പൊതുവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) നടപടിയെടുത്തിട്ടുണ്ട്; പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും സംബന്ധിച്ച ആലുവ മധ്യമേഖല കാര്യാലയത്തിലും അനുബന്ധ ഓഫീസുകളിലും 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് ധനകാര്യ വകുപ്പ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്യാത്ത പ്രവൃത്തികൾക്ക് തുക മാറി നൽകിയതിന് ഉത്തരവാദികളായി കണ്ടെത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരിക്കുകയാണ്. ഇവർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പുരോഗമിച്ചുവരികയാണ്. കഴിഞ്ഞ കാലങ്ങളിൽ എറണാകുളം റവന്യൂ ജില്ലയിലാണ് സംഘടിതരൂപമായി നിലവിലുണ്ടായിരുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ചില ഓഫീസുകളിലും ഈ നിലയിൽ തന്നെ ആസൂത്രിതമായി കണ്ടെത്തിയിട്ടുണ്ട്. എല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലാരിവട്ടം പാലം നിർമ്മിതിയിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അന്വേഷണത്തിനിടയിൽ അന്നത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, കരാർ കമ്പനി എം.ഡി., ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥൻ, കിറ്റ്കോ ഉദ്യോഗസ്ഥൻ എന്നിവരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം ഇപ്പോൾ ജാമ്യത്തിൽ നിൽക്കുകയാണ്. ഭരണപരവും സാങ്കേതികവുമായ കുറ്റങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം വിജിലൻസ് നടത്തി വരികയാണ്. വിജിലൻസ് കോടതിയിൽ കേസ്സും നടക്കുന്നു. മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി

നടത്തി ഗുണനിലവാരം ഇല്ലാതാക്കിയത് സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങൾക്കും റോഡുകൾക്കും ഡിഫക്ട് ലയബിലിറ്റി പിരീഡ് നേരത്തെ തന്നെ നിശ്ചയിച്ചിട്ടുള്ളതാണ്. ദേശീയപാതാ വിഭാഗത്തിൽ 3 മുതൽ 5 വർഷം വരെ വിവിധ കാറ്റഗറികളിൽ ഡിഫക്ട് ലയബിലിറ്റി പിരീഡ് ഉണ്ട്. ദേശീയപാതാ നിർമ്മാണത്തിന്റെ നിയമങ്ങളൊക്കെ ദേശീയ ഗവൺമെന്റിന്റേതാണ്. അതിൻപ്രകാരം Engineering Procurement Construction mode (EPC)-ലാണ് നടപ്പിലാക്കുന്നത്. പി.ഡബ്ല്യൂ.ഡി.-യുടെ ടെണ്ടർ രീതിയല്ല അവിടെയുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അവർ തീരുമാനിച്ചിരിക്കുന്നതാണ് 3 മുതൽ 5 വർഷം വരെ ഓരോ രീതിയനുസരിച്ചുള്ള ഈ ഡിഫക്ട് ലയബിലിറ്റി പിരീഡ് വച്ചിരിക്കുന്നത്. അതുപോലെ തന്നെ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന നടപ്പാതകൾ, വളരെ വീതി കുറഞ്ഞ നടപ്പാതകൾക്കും സ്റ്റാൻഡ് എലോൺ പ്രോജക്ടിലുള്ള പാലങ്ങൾക്കകത്തുള്ള നടപ്പാതകൾക്കും 10 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡുണ്ട്. മറ്റ് പ്രവൃത്തികൾക്ക് 40 എം.എൽ.-ൽ കൂടുതൽ കനത്തിൽ ടാർ ചെയ്യുമ്പോൾ 3 വർഷവും ഡിഫക്ട് ലയബിലിറ്റി പിരീഡും

അതിൽ കുറവുള്ളവയ്ക്ക് ഒരു വർഷവുമാണുള്ളത്. എന്നാൽ വേൾഡ് ബാങ്ക് സഹായത്തോടെ നടക്കുന്ന കെ.എസ്.ടി.പി. പ്രവർത്തനങ്ങളിൽ അസാധാരണമാംവിധം പണം മുടക്കിയാണ് നിർമ്മിക്കുന്നതെങ്കിലും ഒരു വർഷം മാത്രമേ ഡിഫക്ട് ലയബിലിറ്റി പിരീഡ് വച്ചിട്ടുള്ളൂ.

(സി) ദീർഘകാലം ഈട് നിൽക്കുന്ന രീതിയിലുള്ള ബി.എം. & ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിച്ചുവരികയാണ്. 15 മുതൽ 30 വർഷം വരെ ഈട് നിൽക്കുന്ന വൈറ്റ് ടോപ്പിംഗ് രീതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമെന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽ തുടങ്ങിയിട്ടുള്ള തദ്ദേശീയമായ ടെക്നോളജികൾ വലിയ തരത്തിൽ ഇപ്പോൾ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചുവരികയാണ്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെയും MORTH-ന്റെയും മറ്റ് വിവിധ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെയും

സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടത്തുന്നത്. അക്കാര്യത്തിൽ കേരളം കൃത്യത പാലിക്കുന്നുണ്ട്.

(ഡി) പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ 14 ജില്ലകളിലും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് മാത്രമുണ്ടായിരുന്ന ഡിസൈൻ വിംഗിന് എറണാകുളത്തും കോഴിക്കോട്ടും ശാഖ തുടങ്ങുന്നതോടുകൂടി ഡിസൈനുകൾ വളരെ വേഗത്തിൽ നടക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നാനൂറിലേറെ ഡിസൈനുകൾ നടത്തിയിട്ടുണ്ട് എന്നുള്ളതും എടുത്ത് പറയാൻ ആഗ്രഹിക്കുന്നു. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലാണ് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിച്ചുവരുന്നത്. മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേമെന്റ് നടത്താവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന്

Standard Bidding Document പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കാര്യവട്ടത്തുള്ള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്രമക്കേട് കാണിച്ചതിന്റെ പേരിൽ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിജിലൻസിന്റെ നിർദ്ദേശപ്രകാരം സസ്പെന്റ് ചെയ്തിരിക്കുകയാണ്. പകരം ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ശശി: സർ, പൊതുമരാമത്ത് വകുപ്പിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ ഹൃദയപൂർവ്വം അഭിവാദ്യം ചെയ്യുകയാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഒരു രാഷ്ട്രീയ നേതാവ് യുവജന വിദ്യാർത്ഥി രംഗത്തുണ്ടായിരുന്ന നേതാവ് എന്നുള്ള നിലയിൽ കാണിച്ചിരുന്ന നല്ല ജാഗ്രതയും തീവ്രതയും മന്ത്രി എന്നുള്ള നിലയിലും നിലനിർത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിക്കുന്നു എന്നുള്ളതുകൊണ്ട് അദ്ദേഹത്തെ ഞാൻ അഭിവാദ്യം ചെയ്യുകയാണ്. രണ്ട് പ്രളയങ്ങൾ തകർത്ത റോഡുകളുടെ പുനർനിർമ്മാണവും കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പ് സാഹസികതയോടുകൂടി ഏറ്റെടുക്കുന്നുണ്ട്. മാത്രമല്ല, ഏറ്റവും പ്രധാനപ്പെട്ട കാര്യം കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പിനെ

അഴിമതിരഹിതമാക്കാൻ നേതൃത്വം കൊടുത്തു എന്നുള്ളതുകൊണ്ടും അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിവാദ്യം ചെയ്യുകയാണ്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഓരോ ഭരണവകുപ്പും അഴിമതിയുടെ അതിഭീമമായ കടന്നൽക്കൂട്ടുകളായിരുന്നു. അഴിമതിയുടെ കോൺക്രീറ്റ് തൂണിൽ ഉറപ്പിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിനെ അഴിമതിയിൽ നിന്ന് മോചിപ്പിക്കാൻ അദ്ദേഹം നേതൃത്വം കൊടുത്തു.

മി. സ്പീക്കർ: അങ്ങ് പ്രഭാഷണകലയിൽ അദ്വിതീയനാണെന്ന് അറിയാം. പക്ഷേ ചോദ്യത്തിലേയ്ക്ക് വരൂ....പ്ലീസ്...

ശ്രീ. പി. കെ. ശശി: സർ, ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. നമ്മൾ പുതിയ കാലത്ത് നിൽക്കുകയാണ്. അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞതുപോലെ ഈ പുതിയ കാലത്തിനനുസരിച്ച് ആധുനിക ടെക്നോളജികൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള റോഡ് നിർമ്മാണം, വൈറ്റ് ടോപ്പിംഗ് തുടങ്ങിയ സാങ്കേതികവിദ്യയുടെ പ്രയോഗം എന്നിവ സംബന്ധിച്ച് എഞ്ചിനീയർമാർക്ക് മാത്രമല്ല കോൺട്രാക്ടർമാർക്കും കരാറുകാർക്കും ആവശ്യമായ പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. അങ്ങനെ നൽകാൻ വകുപ്പ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, കോൺട്രാക്ടർമാരുടെ മരാമത്ത് നിർമ്മാണ

പ്രവൃത്തിയിലെ പ്രാധാന്യത്തെപ്പറ്റി ഗവൺമെന്റ് വന്നകാലം മുതൽ തന്നെ ഊന്നിപ്പറയുകയും കോൺട്രാക്ടർമാർക്ക് നല്ല പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ട്. സാധാരണ കോൺട്രാക്ടർമാരെക്കുറിച്ച് നാട്ടിലുള്ള ധാരണ അത്ര നല്ലതല്ല. പക്ഷേ അത് വളരെ തെറ്റായ കാര്യമാണ്. ഇവിടെ ധാരാളം നിയമബിരുദധാരികളും നിയമം വായിച്ചുനോക്കുന്നവരും ഇരിപ്പുണ്ട്. ഈ കരാറുകളെല്ലാം കോൺസ്റ്റിറ്റ്യൂഷനിലെ Law of Contract-ൽ നിന്നും കടന്നുവരുന്നതാണ്. അത് ദേശീയ നിയമമാണ്. സംസ്ഥാനങ്ങളിലുമുണ്ട്. പക്ഷേ കരാറുകാർക്ക് ഇത്രയും ഉന്നതമായ സ്ഥാനമുണ്ടെന്ന് അവർക്ക് അറിയില്ല. ഇപ്പുറത്ത് ഗവൺമെന്റും അപ്പുറത്ത് കോൺട്രാക്ടറുമാണ്. അതിൻപ്രകാരമാണ് ഈ കോൺട്രാക്ട് വരുന്നതെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഒരു വിഭാഗം അത് മനസ്സിലാക്കി. എന്നാലും അങ്ങ് പറഞ്ഞതുപോലെ ബോദ്ധ്യപ്പെടുത്തൽ ആവശ്യമാണ്. കോൺട്രാക്ടർമാർ മാത്രമടങ്ങുന്ന ഒരു കോൺട്രാക്ടേഴ്സ് അക്കാഡമി തന്നെ സ്ഥാപിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. ഈ മാസം 17-ാം തീയതി കേരളത്തിലെ ഏറ്റവും മികച്ച 17 കോൺട്രാക്ടർമാരുമായി നമ്മൾ ചർച്ച നടത്തുന്നുണ്ട്. അതിന് ആക്ട്കൊന്നും കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ഇവിടെ പറഞ്ഞതുപോലെ ലോകനിലവാരത്തിലുള്ള നിർമ്മാണങ്ങളെപ്പറ്റി അവരെ ബോദ്ധ്യപ്പെടുത്തുകയും അതിനുള്ള യന്ത്രങ്ങൾ അവർ സ്വായത്തമാക്കുകയും വേണം. നമ്മുടെ നാട്ടിൽ ഒരു ഇരിമ്പുചട്ടിയും വെട്ടുകത്തിയും കുന്താലിയുമുണ്ടെങ്കിൽ കോൺട്രാക്ടർ ആകാം. ആരുടെയെങ്കിലും സാധനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്യും. പഞ്ചായത്ത് റോഡുകൾ നശിപ്പിക്കുന്നത് അങ്ങനെയാണ്. പി.ഡബ്ല്യു.ഡി. ഇക്കാര്യത്തിൽ കുറെ നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുടെ കാര്യത്തിൽ അത്ര വേഗമല്ല അത്. കാരണം ലക്ഷക്കണക്കിന് റോഡുകളാണുള്ളത്. ഇതുപോലുള്ള കാര്യങ്ങളിലൊക്കെ മാറ്റം വരും. ആ നിർദ്ദേശം വളരെ നല്ലതാണ്. ഗവൺമെന്റ് ആലോചിച്ചിട്ടുള്ള ഒരു കാര്യമാണ്. തീർച്ചയായും ഏത് ഗവൺമെന്റായാലും കോൺട്രാക്ടർമാരെ ബോധവത്കരിച്ചു കഴിഞ്ഞാൽ എഞ്ചിനീയർമാരുടെ ജോലി പകുതി കഴിയും. എഞ്ചിനീയർമാർ അത് നല്ലരീതിയിൽ നോക്കിയാൽ മാത്രം മതിയാകും.

<u>ശ്രീ. പി. കെ. ശശി</u>: ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒരു വർക്ക് ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ഒരു കരാറുകാരൻ ഗവൺമെന്റുമായി കരാർ ഒപ്പിടുകയാണ്. ഈ എഗ്രിമെന്റ് ഒപ്പിടുന്നതോടെ കരാറുകാരനുംകൂടി ഒരു

അതോറിറ്റിയായി മാറുകയാണ്. കാരണം കരാറുകാരനെ പൂർണ്ണ വിശ്വാസത്തിലെടുത്ത് ഗവൺമെന്റ് ഒരു വർക്ക് സൈറ്റ് കൈമാറുകയാണ്. അപ്പോൾ സ്വാഭാവികമായും ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി, കൃത്യ സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കരാറുകാരന് കഴിയണം. ചില പ്രയാസങ്ങൾ ചില പ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ....എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം, തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്ത് ഒരു റോഡിന്റെ വർക്ക് നിശ്ചിത സമയത്തിനുള്ളിൽ തീർക്കാൻ കഴിയാതെ വന്നപ്പോൾ ആക്ഷേപമുയർന്നുവന്നിരുന്നു. ആളുകൾക്ക് നടന്നുപോകാൻ പോലും കഴിയാത്ത സാഹചര്യം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഈ സ്ഥലം സന്ദർശിക്കുകയും ഉത്തരവാദികളായ ആളുകളുടെ പേരിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകുകയും ചെയ്തു. അത്തരം നിലപാടുകളുമായി മുന്നോട്ടുപോകാൻ തുടർന്നും ഈ ഗവൺമെന്റ് തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതോടൊപ്പംതന്നെ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുന്നു, നിലവിൽ രണ്ട് സെ. മീറ്ററാണ് റോഡിന്റെ ഉപരിതലത്തിന്റെ ഘനം. ഈ സ്പെസിഫിക്കേഷൻ അഞ്ച് സെ. മീറ്ററെങ്കിലും ആക്കി മാറ്റാനാവശ്യമായിട്ടുള്ള ഒരിടപെടൽ അടിയന്തരമായി നടത്താൻ ഈ

ഗവൺമെന്റ് തയ്യാറാകുമോ; കാരണം അത്രയും വലിയ വെയിറ്റുള്ള വാഹനങ്ങളാണ് അതായത് ഏകദേശം പത്ത് ടണ്ണോളം വെയിറ്റ് വരുന്ന വാഹനങ്ങളാണ് റോഡുകളിലൂടെ കടന്നുപോകുന്നത്. നിലവിലുള്ള രണ്ട് സെന്റീമീറ്റർ ഘനമെന്ന് പറയുന്നത് റോഡിന് താങ്ങാൻ കഴിയുന്നതല്ല. അക്കാര്യം കൂടി വകുപ്പ് ശ്രദ്ധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കേടുപാടുകളോ ആക്ഷേപങ്ങളോ വരുന്ന സ്ഥലങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ അന്വേഷിക്കുന്നുണ്ട്. പൊതുവെ അത്തരം സ്ഥലങ്ങളിൽ നമ്മുടെ ഉദ്യോഗസ്ഥ സംവിധാനം തന്നെ പോയി അന്വേഷിക്കാറുണ്ട്. അപൂർവ്വം സ്ഥലങ്ങളിൽ മന്ത്രിമാരുംപോയി അന്വേഷിക്കും. അതിൽ ഇടപെട്ടശേഷം വേഗംതന്നെ നാഷണൽ ഹൈവേയുടെ ഭാഗങ്ങൾ ടാർ ചെയ്തു, സെക്രട്ടേറിയറ്റിന്റെ മുൻവശം വരെയുള്ള ഭാഗം ടാർ ചെയ്തു. പിന്നെ സാമ്പത്തിക പ്രശ്നങ്ങളുണ്ട്. നമുക്ക് അനുവദിക്കുന്ന പണം ഉപയോഗിച്ചാൽ മാത്രമേ റോഡ് പണി ചെയ്യാൻ പറ്റൂ, പണ്ടുമുതലേ അങ്ങനെയാണ്. അങ്ങ് സൂചിപ്പിച്ച, റോഡിന്റെ തിക്ക്നസ് കൂട്ടുന്നതടക്കമുള്ള സാങ്കേതിക കാര്യങ്ങൾ പരിശോധിച്ച് ന്യായമായ തീരുമാനമെടുക്കുന്നതാണ്. പക്ഷേ 30 വർഷംവരെ നിൽക്കുന്ന വൈറ്റ് ടോപ്പിംഗ് സംവിധാനം പ്രധാന റോഡുകളിൽ

കൊണ്ടുവരികയാണെങ്കിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകില്ല. അങ്ങ് പറഞ്ഞത് ശാശ്വത പരിഹാരമാണ്. പിന്നെ മെയിന്റനൻസ് മാത്രമേയുണ്ടാകുകയുള്ളൂ. സാമ്പത്തിക പ്രശ്നങ്ങളുണ്ടെങ്കിലും അത് കുറേ സ്ഥലങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ റീ ബിൽഡ് കേരളയിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുമുണ്ട്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, കേരളത്തെ ഒന്നായി കണ്ടുകൊണ്ട് ഭരണ/പ്രതിപക്ഷ വ്യത്യാസമോ വിവേചനമോയില്ലാതെ എല്ലാ മണ്ഡലങ്ങളിലും ഒരുപോലെ റോഡുകളും പാലങ്ങളും കെട്ടിടങ്ങളും അനുവദിക്കാൻ അങ്ങ് സ്വീകരിക്കുന്ന നടപടികൾ ഏറെ ശ്രദ്ധേയമാണ്. അതിന്റെ ഭാഗമായിട്ടാണ് പ്രതിപക്ഷ മണ്ഡലങ്ങളെ അവഗണിക്കുന്നുവെന്ന മുൻകാലങ്ങളിലുള്ള പരാതികൾ സഭയിൽ ഉയർന്നുവരാത്തത്. ഡിസൈൻ ആർക്കിടെക്ച്ചർ വിഭാഗത്തിൽ അനാവശ്യമായ കാലതമാസം വരുന്നതുകൊണ്ട് അത് നിർമ്മാണ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നതിനും കാലതാമസം വരുത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതുപോലെ കിഫ്ബിയുടെ മാനദണ്ഡങ്ങളനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കാൻ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനംകൂടി നൽകേണ്ടതുണ്ട്. നൂതന

സാങ്കേതിക വിദ്യകളും ആധുനിക യന്ത്ര സാമഗ്രികളുമുപയോഗിച്ച് ദീർഘകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കാനാണ് പി.ഡബ്ല്യു.ഡി. കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്നാണ് ഞാൻ കരുതുന്നത്. എന്നാൽ ഈ നൂതന സാങ്കേതിക വിദ്യകളും ആധുനിക യന്ത്രങ്ങളും ഉപയോഗിക്കുന്നതിനും ഫീൽഡിൽ അത് പ്രാവർത്തികമാക്കുന്നതിനും കരാറുകാർക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകേണ്ടതുണ്ട്. ഇതിനുള്ള സാങ്കേതിക വിദ്യാഭ്യാസവും പരിശീലനവും ഉദ്യോഗസ്ഥർക്കും കരാറുകാർക്കും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഖജനാവിൽനിന്നും പണം ചെലവഴിക്കുന്നത് ഒരു പുതിയ കാര്യമല്ല. മുമ്പ് പലരും ചെയ്തിട്ടുണ്ട്. അത് തെറ്റായ കാര്യമാണ്. ഇടതുപക്ഷ ജനധിപത്യ മുന്നണി ഗവൺമെന്റിന്റെ ലക്ഷ്യം സമഗ്ര വികസനമാണ്. അതായത് എല്ലാ പഞ്ചായത്തുകളും നഗര സഭകളും നാട്ടും ഒരുപോലെയാണ്. എല്ലാവരും നമ്മുടെ ജനങ്ങളാണ്. ആ തരത്തിൽ ശരിയായ ഒരു സമീപനമെടുക്കണമെന്ന തീരുമാനമുണ്ട്, അത് നടപ്പിലാക്കി വരികയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒട്ടും എടുത്തിട്ടില്ലെന്ന് അറിയാം.

പ്രതിപക്ഷത്തുതന്നെ പത്തോ മുപ്പതോ പേർക്ക് മാത്രമേ ഫണ്ട് കൊടുത്തിട്ടുള്ളൂ. മറ്റുള്ളവർക്ക് ഒന്നും കൊടുത്തിട്ടില്ല. എനിക്ക് ഒരു നയാപൈസയും തന്നിട്ടില്ല. അത് എല്ലാവർക്കുമറിയാം. അതിലൊന്നും ഒരു പ്രശ്നവുമില്ല. അതെല്ലാം തെറ്റാണെന്ന് നമ്മുടെ അനുഭവത്തിൽനിന്നും മനസ്സിലാക്കിയതുകൊണ്ടും ഞങ്ങളുടെ നയമിതായതുകൊണ്ടും ഞങ്ങൾ ഇത് തുടരും. അതെല്ലാ ഗവൺമെന്റുകളും തുടരുന്നതാണ് നല്ലത്. കിഫ്ബി പ്രോജക്ടുകൾ തയ്യാറാക്കുന്ന പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർക്ക് കിഫ്ബി തന്നെയാണ് ട്രെയിനിംഗ് നൽകുന്നത്. ആ ട്രെയിനിംഗ് ശക്തിപ്പെടുത്തുന്നതിനായി അവരോട് ആവശ്യപ്പെടുന്നതാണ്. പിന്നെ നേരത്തെ പറഞ്ഞു, ശക്തമായിട്ടുള്ള റോഡ് നിർമ്മാണവും അതിനുള്ള സാങ്കേതിക വിദ്യയും കൊണ്ടുവരുന്നുണ്ട്. സാമ്പത്തിക പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്ത് പരിഹരിച്ചു. അതിൽ വലിയ മാറ്റങ്ങളുണ്ടാകാൻ പോകുകയാണ്. മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പ്രവൃത്തി നിലച്ചുപോയ മൂന്ന് പാലങ്ങളാണ് ഈ കാലയളവിൽ അങ്ങയുടെ ഇടപെടൽകൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞത്. കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നുണ്ട്. അങ്ങുതന്നെ നേരിട്ടെത്തി പരിശോധിച്ച്,

സമയബന്ധിതമായി പൂർത്തീകരിക്കാൻ സഹായിക്കുന്നമുണ്ട്. കൊടിനട-വഴിമുക്ക് റോഡിന്റെ ഒന്നര കിലോമീറ്റർ ദൂരം സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാനുണ്ട്. വഴിമുക്ക്-കളിയിക്കാവിള മൂന്നാംഘട്ട പ്രവൃത്തിയുടെ അലൈൻമെന്റ് അംഗീകരിച്ച് പ്രസ്തുത നടപടികൂടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അവിടെ സമയബന്ധിതമായി നിർമ്മാണം നടക്കുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് രണ്ടാമത്തെ റീച്ച് നടത്തുന്നത്. ആദ്യത്തെ റീച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയാക്കിയിരുന്നു. പക്ഷേ അവിടെ പലതരം തടസ്സങ്ങളാണ് ഒരു വിഭാഗം ആളുകൾ ഉന്നയിച്ചത്, ചെറിയൊരു വിഭാഗമാണത്. ഞാൻ കഴിഞ്ഞ ദിവസം അവിടം സന്ദർശിച്ചിരുന്നു, അപ്പോൾ കണ്ടത് റോഡ് നിർമ്മാണത്തിനായി ഉദ്ദേശിച്ച സ്ഥലത്ത് കുറച്ച് ആളുകൾ ചേർന്ന് ശ്രീനാരായണ ഗുരുവിന്റെ പ്രതിമ കൊണ്ടുസ്ഥാപിച്ചു. പെട്ടെന്ന് സ്ഥാപിച്ച ഒരു പ്രതിമയായിരുന്നു, പരമ്പരാഗതമായി അവിടെയുണ്ടായിരുന്ന പ്രതിമയല്ല, അതുകൊണ്ട് സ്ഥലമുണ്ടെങ്കിൽ നമുക്ക് എവിടെ വേണമെങ്കിലും അതിനെ മാറ്റി സ്ഥാപിക്കാൻ കഴിയും. അങ്ങനെ ആ പ്രതിമ മാറ്റി

സ്ഥാപിക്കാൻ ധനകാര്യ വകുപ്പ് സെക്രട്ടറി മൂന്ന് ലക്ഷം രൂപയും അനുവദിച്ചു. ഇപ്പോൾ അവർ പറയുന്നത് അത് സംഭാവനയായി കരുതണമെന്നും മാറ്റിസ്ഥാപിക്കാൻ വേറെ പണം വേണമെന്നുമാണ്. അവിടെ ഇടപെടാൻ ആരുമില്ല. ഇപ്പോൾ അത് മാറ്റിയിട്ടുണ്ട്. ഇങ്ങനെയൊക്കെയുള്ള പല പ്രശ്നങ്ങളുമുണ്ട്. അവസാനത്തെ ഒന്നര കിലോമീറ്ററിൽ മറ്റ് ചില പ്രശ്നങ്ങളുമുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടത്തെ എഞ്ചിനീയർമാരെക്കൊണ്ട് മാത്രം കഴിയില്ല. ഒരുപാട് കൂട്ടായ്മ വേണം. എന്നാലും നല്ല രീതിയിൽ റോഡ് നിർമ്മാണം നടക്കുന്നുണ്ട്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് ഇപ്പോഴത്തെ റീച്ച് പൂർത്തീകരിക്കുകയും അവസാനത്തെ റീച്ചായ പതിനെട്ട്/ഇരുപത് കിലോമീറ്റർ സ്ഥലമേറ്റെടുക്കാനുള്ള നടപടികൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പൊതുമരാമത്ത് വകുപ്പിലെ അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കി വകുപ്പിനെ ജനകീയമാക്കിയ മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനെയും ഗവൺമെന്റിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. പാലാരിവട്ടം കേസ്സിൽ മുൻമന്ത്രിക്കെതിരെയുള്ള പ്രോസിക്യൂഷൻ നടപടിക്ക് ഗവർണർ ഇപ്പോൾ

അനുമതി നൽകിയിരിക്കുകയാണ്. ആ നിർമ്മാണത്തിൽ നടന്ന അഴിമതി പുറത്തുവന്നതിനുശേഷം മുൻ ഗവൺമെന്റിന്റെ കാലത്തും ഇപ്പോഴത്തെ ഗവൺമെന്റിന്റെ കാലത്തും നടന്ന എല്ലാ പ്രവൃത്തികളെപ്പറ്റിയും പരിശോധന നടത്തുമെന്ന് അങ്ങ് പറഞ്ഞിരുന്നു. അതുമായി ബന്ധപ്പെട്ട പരിശോധനയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; സമാന സ്വഭാവമുള്ള ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ ഇപ്പോഴത്തെ അന്വേഷണം വഴി കണ്ടെത്തിയിട്ടുണ്ടോ; ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത്തരം കാര്യങ്ങളിൽ കുറ്റക്കാരായ ആളുകൾക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ജി. സുധാകരൻ: സർ, വളരെ വിശദമായ ഒരു ചോദ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുള്ള ചില ചട്ടവിരുദ്ധമായ നടപടികളെപ്പറ്റി, അഴിമതിയെന്ന് പറയാവുന്ന കാര്യങ്ങളെപ്പറ്റി ഔദ്യോഗിക തലത്തിൽ ഒരു കമ്മിറ്റിയെ വച്ച് അന്വേഷണം നടത്തിയിരുന്നു. അതിൽ കുറെയധികം കാര്യങ്ങൾ കണ്ടെത്തി അതിന്മേൽ പല നടപടികളും സ്വീകരിച്ചുവരികയാണ്. പാലാരിവട്ടം പാലം മോഡലിൽ വേറൊരു പാലവും കണ്ടെത്തിയിട്ടില്ല. അതൊരു പ്രത്യേക കേസ്സാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. റോഡുകൾ കേടായാൽ പാലം തകർന്ന് താഴേയ്ക്ക് വീഴുന്നപോലുള്ള

അപകടമൊന്നുമുണ്ടാകില്ല. ആ റോഡിലെ കുണ്ടിലും കുഴിയിലും വീഴുന്ന ഒരു പ്രശ്നം മാത്രമേയുണ്ടാകുകയുള്ളൂ. താരതമ്യേന അപകട സാധ്യത കുറവാണ്. ധാരാളം റോഡുകളുടെ നിർമ്മാണത്തിൽ വളരെയധികം അഴിമതി കണ്ടെത്തിയിട്ടുണ്ട്. അതിനെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു ചീഫ് എഞ്ചിനീയറെയടക്കം 194 എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. എല്ലാം പുനഃസ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട് എങ്കിലും പറയുകയാണ്. ഇത്രയും പേരെ സസ്പെൻഡ് ചെയ്തുകൊണ്ട് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രയാസമാണ്, എങ്കിലും വിജിലൻസിന്റെ റിപ്പോർട്ട് വന്നാൽ എന്തുചെയ്യാൻ സാധിക്കും? ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗമാണ് കണ്ടെത്തുന്നത്, അങ്ങനെയാണ് ഭൂരിഭാഗം നടപടികളും വരുന്നത്. ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്ന എൻക്വയറിയെന്ന് പറയുന്നത് പത്തുപതിനഞ്ച് ശതമാനമേ വരുന്നുള്ളൂ. എന്തായാലും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ ഭാഗത്തുനിന്നും ഒരു പ്രതിഷേധവുമുണ്ടായതായി കേട്ടിട്ടില്ല. അവർക്കത് കിട്ടേണ്ടതാണെന്ന് അവർക്കറിയാം. കാരണം, അവർ നല്ലതുപോലെ അഴിമതി കാണിച്ചിട്ടുണ്ടെന്ന് അവർക്ക് അറിയാം. ഇപ്പോൾ അഴിമതി കുറഞ്ഞുകുറഞ്ഞുവരുന്നുണ്ട്. തീർച്ചയായും അങ്ങ് ചോദിച്ച

ചോദ്യത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കി എല്ലാ തെറ്റുകളും തിരുത്തും. ഈ ഗവൺമെന്റിന്റെ കാലത്തുള്ള അഴിമതിയാണെങ്കിലും തിരുത്തുന്നുണ്ട്. പക്ഷേ സംഘടിതമായോ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന്റെ അറിവോടെയോ ഒന്നും നടക്കുന്നില്ല. ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകാം അത് ആ തരത്തിൽ കൈകാര്യം ചെയ്യുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തലസ്ഥാന നഗരിയിലെ റോഡുകൾ മിക്കതും ഇന്ന് പരിപൂർണ്ണമായും നവീകരിക്കാൻ സാധ്യമാകാത്ത സാഹചര്യത്തിലാണ് നിൽക്കുന്നത്. അതിനുള്ള പ്രധാന കാരണം, ടെണ്ടർ വിളിച്ചാൽ കരാറുകാർ ടെണ്ടർ എടുക്കുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെപോലും ടെണ്ടർ കൊടുത്തിട്ട് വർക്ക് ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. എന്റെ നിയോജക മണ്ഡലത്തിലെ വലിയതുറ-ബീമാപള്ളി-പൂന്തുറ റോഡ് അതിനുദാഹരണമാണ്. അതിനായി 2 കോടി 10 ലക്ഷം രൂപ അനുവദിച്ചു. ആറ് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. അവർക്ക് കാശ് കൊടുക്കുന്നില്ല. 4,500 കോടിയോളം രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടെന്നാണ് അറിയുന്നത്. സാമ്പത്തിക ബാധ്യത വരുന്നു എന്നതുകൊണ്ട് അവർ വർക്ക് ഏറ്റെടുക്കുന്നില്ല.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകതകളുണ്ട് എന്നുള്ളതും ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. കരാറുകാർ വർക്ക് ഏറ്റെടുക്കാത്തതുകൊണ്ട് റോഡിൽ ചെറിയ പാച്ച് വർക്കുകൾ നടത്തുകയാണ്. പാച്ച് വർക്ക് നടത്തിയാൽപ്പിന്നെ ആറ് മാസത്തേയ്ക്ക് പുതിയ പ്രവൃത്തി നടക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം സംബന്ധിച്ച് പ്രത്യേകമായൊരു സംവിധാനം ഏർപ്പെടുത്തണം. ആറ് മാസം വരെ ഇനിയും ആ റോഡിൽ ചെറിയ ചരലുകൾ വാരിയിടും. അത് പിന്നെയും പൊട്ടിപ്പൊളിഞ്ഞ് പോകും. വളരെ ശ്രദ്ധയോടുകൂടി, ഈ റോഡുകൾ മുഴുവൻ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, തിരുവനന്തപുരം നഗരത്തിൽ അറ്റകുറ്റപ്പണികൾ നടത്താതിരിക്കാൻ പറ്റില്ല. പെർമെനന്റായ കൺസ്ട്രക്ഷന് മുമ്പ് ഹ്രസ്വമായ കാലയളവിലേയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തിയേ പറ്റൂ. കാരണം, റോഡുകൾ ചിലപ്പോൾ കാലാവധി കഴിയുന്നതിന് മുമ്പുതന്നെ കേടാകുന്നുണ്ട്. അതിന് ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. അത് ഇത്തവണ നല്ല രീതിയിൽ നടത്തി. ഏപ്രിൽ മുതൽ നവംബർ വരെ ഏഴ് മാസം മഴയായിരുന്നു എന്ന്

നമുക്കെല്ലാവർക്കും അറിയാം. ആ സമയത്ത് ഒന്നും ചെയ്യാൻ പറ്റുകയില്ല. ഡിസംബർ 31-നകം അറ്റകുറ്റപ്പണി പൂർത്തീകരിക്കണമെന്ന് തീരുമാനമെടുത്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ആ തീയതി തീരുമാനിച്ച് പറഞ്ഞത്. അതുപോലെ ബഹുമാനപ്പെട്ട ഹൈക്കോടതിയും പറഞ്ഞു. പ്രസ്തുത തീരുമാനപ്രകാരം ഞങ്ങൾ പരിശോധിച്ചു. കേരളത്തിൽ നിലവിൽ 2 ശതമാനം റോഡ് മാത്രമേ റിപ്പയർ ചെയ്യാനുള്ളൂ. 34,000 കിലോമീറ്ററുള്ളതിൽ 2 ശതമാനം മാത്രമേയുള്ളൂ. തിരുവനന്തപുരം നഗരത്തിൽ 2 ശതമാനംതന്നെയില്ല. ഏതെങ്കിലും ഒരു വർക്കിൽ പെട്ടുകിടക്കുന്ന റോഡ് അതിൽ വരില്ല. പ്രസ്തുത വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. വലിയ തരത്തിലുള്ള റിപ്പയറാണ് നടന്നിരിക്കുന്നത്. ആലപ്പുഴ നഗരത്തിൽ ഒരു കുഴപ്പവുമില്ല. കൊല്ലം, കോട്ടയം, കണ്ണൂർ, മലപ്പുറം എന്നിവിടങ്ങളിലൊന്നും പ്രശ്നമില്ല. തൃശ്ശൂർ പോലും ഇപ്പോൾ പ്രശ്നമില്ല. എറണാകുളത്തെ പ്രധാന പ്രശ്നം ഇതായിരുന്നു. എന്നാലും, കുറച്ച് പ്രശ്നങ്ങൾ അവിടെവിടെയൊക്കെയുണ്ട്. അറ്റകുറ്റപ്പണി നമ്മൾ തുടർന്നേ പറ്റൂ. ഒരു വർഷക്കാലം അതിന് ഡ്യൂറേഷൻ ഉണ്ടാകണമെന്നാണ് തീരുമാനം. ആ തരത്തിലാണ് ഇപ്പോൾ ചെയ്യുന്നത്. തിരുവനന്തപുരം നഗരം പ്രത്യേകമെടുത്ത് നഗരത്തിലെ മുഴുവൻ പി.ഡബ്ല്യൂ.ഡി.

റോഡുകളിലും ബ്യൂട്ടിഫിക്കേഷൻ ഓഡിറ്റ് നടത്തി പ്രത്യേകമായി ബ്യൂട്ടിഫൈ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായി 25 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. മൊത്തം ബ്യൂട്ടിഫൈ ചെയ്യുകയാണ്.

ഇപ്പോൾ ഗ്രാമങ്ങളിലൊക്കെ സന്ധ്യയാകുമ്പോൾ ചെന്നാൽ റോഡുകൾ തിളങ്ങുകയാണ്. തിരുവനന്തപുരത്ത് ഒന്നും കാണാനില്ല. നാട്ടിൻപുറത്തെല്ലാം റോഡ് തിളങ്ങുകയാണ്. സ്റ്റഡ് ഒക്കെ വച്ച്, ഒരു കാലത്തും കാണാത്ത റോഡുകളാണ്. അത് തിരുവനന്തപുരം നഗരത്തിലേയ്ക്ക് വന്നിട്ടില്ല. റോഡ് വിഭാഗത്തിന്റെ ഒരു കാഴ്ചക്കുറവാണ്. പരാജയമല്ല. പക്ഷേ റോഡുകൾ പൊതുവെ നന്നായിട്ടുണ്ട്. ഒരുപാട് റോഡുകൾ പലതരത്തിലും മറ്റ് വകുപ്പുകൾക്കൊക്കെ ആവശ്യമുള്ളതുകൊണ്ട്, അവരുടെ ചില പണികളൊക്കെ നടക്കുന്നതുകൊണ്ട് കുറച്ച് കാലതാമസമുണ്ടാകുന്നുണ്ട്. ഏതായാലും, അങ്ങ് പറഞ്ഞത് ഗൗരവമായി എടുക്കുന്നു. തിരുവനന്തപുരം നഗരം അതിമനോഹരമാക്കണം. അതിന്റെ ഒരു ഘട്ടമേ കഴിഞ്ഞിട്ടുള്ളൂ. അന്തിമഘട്ടത്തിലേയ്ക്ക് നമുക്ക് പോകേണ്ടതായിട്ടുണ്ട്.

കരാറുകാരുടെ ചില ആവശ്യങ്ങൾ ന്യായമാണ്. അവർക്ക് പണം കിട്ടാനുണ്ട് എന്നുള്ളത് സത്യമാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായി പറഞ്ഞതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല.

അദ്ദേഹമാണല്ലോ പണം കൊടുക്കേണ്ടത്. ഞാൻ ആവർത്തിക്കേണ്ടതില്ല. അദ്ദേഹം പറഞ്ഞുകഴിഞ്ഞു. നാളെ അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്. അതിനുശേഷം അത് കൊടുക്കും. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 3,500 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. അതെല്ലാം ഞങ്ങൾ കൊടുത്തു. അതുപോലെ അടുത്ത സർക്കാരിനുവേണ്ടി കുടിശ്ശികയൊന്നും ഉണ്ടാക്കാൻ പോകുന്നില്ല. അടുത്തതും ഞങ്ങളുടെ സർക്കാർ തന്നെ വരുമെന്നുള്ളതാണ് ഞങ്ങളുടെ പൂർണ്ണ വിശ്വാസം. ഇതെല്ലാം ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? പഴയ കാലമൊന്നുമല്ല. ആളുകൾക്ക് ചിന്തിക്കാനുള്ള കഴിവ് കൂടിയ കാലമാണ്. ഏതായാലും ശരി, അത് ആരുമാകട്ടെ. അതല്ല പറയുന്നത്. ഞങ്ങൾ ഒന്നും മാറ്റിവയ്ക്കില്ല. Capability certificate എടുത്ത് കളഞ്ഞുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. അത് അവർ പറഞ്ഞതുകൊണ്ട് മാത്രമല്ല. അവർ കോൺട്രാക്ട് ലൈസൻസിന് അപേക്ഷിക്കുമ്പോൾ അത് വച്ചാൽമതി. ഓരോ വർഷവും ആവശ്യമില്ല. അങ്ങനെ അവർ പറഞ്ഞ പല കാര്യങ്ങളും നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്. പൈസയുടെ കാര്യമാണ് പ്രധാനമായിട്ടുള്ളത്. അക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. അത് കൊടുക്കും. അതിൽ ചെറിയ പ്രയാസമുണ്ടായിട്ടുണ്ട്.

അവർക്ക് പ്രയാസമുണ്ട് എന്നുള്ളതും യാഥാർത്ഥ്യമാണ്. പക്ഷേ, അവർ ബോയ്ക്കോട്ട് ചെയ്യേണ്ട കാര്യമൊന്നുമില്ല. മുമ്പും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. അവർ പണികളിലേയ്ക്ക് തിരിച്ചുവരട്ടെ. പണികൾ നടത്തിയാലല്ലേ അവർക്ക് നിലനിൽപ്പുള്ളൂ. അക്കാര്യവും ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, 2018-ലെ പ്രളയ കാലത്ത് നെല്ലിയാമ്പതിയിലെ 86 ഇടങ്ങളിൽ തകർന്നടിഞ്ഞുപോയ റോഡുകളുടെ സംരക്ഷണവും ഒഴുകിപ്പോയ പാലവും പുനർനിർമ്മിക്കാൻ വകുപ്പുമന്ത്രിയും വകുപ്പുമെടുത്ത തീരുമാനവും നടപ്പിലാക്കിയതിനെയും ഞാൻ അഭിനന്ദിക്കുകയാണ്. മഴക്കാലങ്ങളിൽ ഉൾപ്പെടെ തകർന്നടിയുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കാൻ പ്രത്യേക എഞ്ചിനീയറിംഗ് വിംഗിനെ രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, എല്ലായിടത്തും നമ്മുടെ ടീമുണ്ട്. മഴക്കാലത്ത് തകർന്നടിഞ്ഞ റോഡുകൾ മിക്കവാറുമെല്ലാം പുനഃസ്ഥാപിച്ചുകഴിഞ്ഞു. വളരെ കുറച്ചുമാത്രമേ ഇനി ബാക്കിയുള്ളൂ. ഇനി ഏതെങ്കിലും ബാക്കിയുണ്ടെങ്കിൽ, നമുക്ക് പല സ്കീമുകളുണ്ട്. റീബിൽഡ് കേരള സ്കീമുണ്ട്, പി.ഡബ്ല്യൂ.ഡി.യുടെ

ഓർഡിനറി സ്കീമുണ്ട്. നമുക്ക് നടത്താം.

ശ്രീ. പി. ജെ. ജോസഫ്: സർ, 2 ശതമാനം റോഡുകൾക്ക് കുഴപ്പമുണ്ടെന്ന് അങ്ങ് സമ്മതിച്ചു. 2 ശതമാനമെന്ന് പറയുമ്പോൾ സ്റ്റഡ് പതിച്ച റോഡുകളിൽപ്പോലും അവിടെയുമിവിടെയും ഓരോ കുഴിയുണ്ടാകുന്നുണ്ട്. അത് റിപ്പയർ ചെയ്യണമെങ്കിൽ മാസങ്ങൾ കഴിയുന്നു. എനിക്കൊരു എളിയ നിർദ്ദേശമുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിശ്വസിച്ച് 50 ലക്ഷം രൂപ ഏൽപ്പിച്ചാൽ ഇങ്ങനെയുണ്ടാകുന്ന കുഴികൾ പെട്ടെന്ന് നികത്താൻ കഴിയും. അല്ലെങ്കിൽ ജോമെട്രിക് പ്രോഗ്രഷനിൽ ഇത് വർദ്ധിച്ച് വലിയ കുഴിയായി മാറും. നല്ല റോഡുകൾപോലും ഈ നിലയിൽ നിലനിർത്തണമെങ്കിൽ കുഴികൾ അടയ്ക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം കൊടുക്കുക. അവരത് ഡീസെൻട്രലൈസ് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൊടുക്കട്ടെ. നേരത്തെ പരീക്ഷിച്ചിട്ടുള്ളതാണ്. മുഴുവൻ സെൻട്രലൈസ് ചെയ്യാതെ ഇത്തരത്തിൽ ഡീസെൻട്രലൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ആ നിർദ്ദേശം പരിഗണിക്കുന്നതിന് യാതൊരു പ്രയാസവുമില്ല. നമ്മൾ 5 ലക്ഷംരൂപയൊക്കെ കൊടുത്തിട്ടുണ്ട്.

അക്കാര്യം പരിഗണിക്കാം. അതിൽ പ്രശ്നമില്ല. ഏറ്റവും കൂടുതൽ റോഡുകൾ ഇനിയും റിപ്പയർ ചെയ്യാനുള്ളതിൽ ഒന്ന് അങ്ങയുടെ മണ്ഡലത്തിലാണ്. ഈ 2 ശതമാനത്തിൽ അങ്ങയുടെ മണ്ഡലത്തിൽ 32 ശതമാനമാണ്. പിന്നീട് ഇടുക്കിയിലും കടുത്തുരുത്തിയിലുമാണ്. എന്താണ് കാരണം; മൂന്നര മീറ്റർ വീതിയുള്ള റോഡുകൾ, പി.ഡബ്ല്യൂ.ഡി. ആക്ട്... അങ്ങേയ്ക്ക് അറിയാമല്ലോ; അതാണ്. വേറെ കാര്യമൊന്നുമില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. 8 മീറ്റർ വീതിയുള്ള റോഡുകൾ അവിടെയുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, എനിക്ക് വെല്ലുവിളിയൊന്നും ഇപ്പോൾ ഏറ്റെടുക്കാൻ സമയമില്ല. മൂന്നര മീറ്റർ വീതിയിലുള്ള ഏറ്റവുംകൂടുതൽ റോഡുകൾ ഈ മണ്ഡലത്തിൽ മാത്രമല്ല. അവിടെ കുറച്ച് കൂടുതലുണ്ട്. ഇപ്പോൾ വെല്ലുവിളിയാണോ ടാറിംഗാണോ പ്രധാനം; ശ്രീ. പി. ജെ. ജോസഫ് ആരെയും വെല്ലുവിളിക്കുന്ന ആളല്ല. വളരെ സംസ്കാര സമ്പന്നനും മര്യാദക്കാരനുമാണ്. നമ്മൾ തമ്മിൽ ഒരു വെല്ലുവിളിയുടെ ആവശ്യമില്ല. ഞാൻ പറഞ്ഞത് ഒരു വസ്തുതയാണ്. ആ റോഡുകൾക്ക് സാധാരണ പണം മാറ്റി വയ്ക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. കാരണം, ഒരുപാട് പണം വേണ്ടിവരും. അത് നമുക്ക്

പരിഗണിക്കാം. ഈ പറഞ്ഞ മൂന്ന് മണ്ഡലത്തിൽ, പ്രധാനമായും ഇടുക്കി ഒരു മലയോര പ്രദേശമല്ലേ; മറ്റ് സ്ഥലത്തുമുണ്ട്. പഞ്ചായത്ത് റോഡുകൾ നമ്മൾ ഏറ്റെടുക്കുന്നില്ല. അതിന്റെ ആവശ്യമില്ല. പഞ്ചായത്തിന് അധികാരമുണ്ട്. അവർക്ക് പണം കൊടുക്കുകയാണ് വേണ്ടത്. ഇനി ഒന്നും ഏറ്റെടുക്കേണ്ടതില്ല എന്ന് ക്യാബിനറ്റ് വന്നപ്പോഴേ ഞങ്ങൾ തീരുമാനിച്ചതാണ്. അവർക്ക് പണം കൊടുത്താൽമതി. അങ്ങനെ കുറച്ച് റോഡുകൾ ഉള്ളിടത്ത് പി.ഡബ്ല്യൂ.ഡി.യും നോക്കില്ല. പഞ്ചായത്ത് നോക്കണം. അങ്ങനെയൊരു സ്ഥിതിയുണ്ട് എന്ന് ഞാൻ പറഞ്ഞെന്ന് മാത്രമേയുള്ളൂ. അത് കുറച്ച് കൂടുതലുള്ള ഭാഗമാണ്. തീർച്ചയായും ഈ പറഞ്ഞ പണം കൊടുക്കുന്ന കാര്യം പരിഗണിക്കാം.

<u>ശ്രീ. ബി. സത്യൻ</u>: സർ, അതിപ്രധാനമായ ഒരു റോഡിന്റെ നിർമ്മാണം പൂർത്തീകരണത്തിലേയ്ക്ക് കടക്കുന്നതാണ്. കഴക്കൂട്ടം മുതൽ പുനലൂരിലേയ്ക്ക് പോകുന്ന കെ.എസ്.ടി.പി. റോഡ് അതീവ സുരക്ഷാ ഇടനാഴി പദ്ധതിയിൽപ്പെടുത്തി നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. ഈ പദ്ധതി വളരെവേഗം മുന്നോട്ട് പോകുന്നുവെങ്കിലും റോഡിന്റെ വിവിധ ഭാഗങ്ങളിൽ, ജംഗ്ഷനുകൾ, അതുപോലെതന്നെ റോഡിനോട് ചേർന്നുവരുന്ന... കെ.എസ്.ടി.പി. റോഡ് ഒരുപാട് പേർ കയ്യേറിയിട്ടുണ്ട്. റോഡ് കയ്യേറ്റംകൂടി

തടഞ്ഞ് നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ, കയ്യേറിയ റോഡുകൾ പലതും സ്വകാര്യ വ്യക്തികളുടെ കയ്യിലാകും എന്നുള്ള സ്ഥിതിയാണ് കാണുന്നത്. അതുകൊണ്ട് ഇതിന് നേരിട്ടുള്ള മോണിറ്ററിംഗും അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ജനപ്രതിനിധികളുമായും കൂടി ബന്ധപ്പെട്ട് ഇതിന്റെ നിർമ്മാണം ഫലപ്രദമായി പൂർത്തീകരിക്കാനുമുള്ള നിർദ്ദേശം നൽകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, 146 കോടി രൂപ ചെലവിലാണ് കഴക്കൂട്ടം-അടൂർ സേഫ്റ്റി കോറിഡോർ നിർമ്മിച്ചുവരുന്നത്. അത് ഏകദേശം പൂർത്തിയാകാറായി. ഇ.കെ.കെ. എന്ന വളരെ പ്രാഗത്ഭ്യമുള്ള കോൺട്രാക്ടറാണ് അത് ചെയ്യുന്നത്. അത് പൂർത്തിയാകാറായി. ജംഗ്ഷൻ ഡെവലപ്മെന്റുകളൊക്കെയുണ്ട്. അതിന്റെ മേൽനോട്ടം പി.ഡബ്ല്യൂ.ഡി.-ക്ക് അല്ല. കെ.എസ്.ടി.പി.യുടെ മേൽനോട്ടം മുഴുവൻ ചീഫ് സെക്രട്ടറി കൺവീനറായിട്ടുള്ള ഒരു സ്റ്റീയറിംഗ് കമ്മിറ്റിക്കാണ്. എങ്കിലും പി.ഡബ്ല്യൂ.ഡി. കൊടുക്കുന്ന ഉദ്യോഗസ്ഥരാണ്, എഞ്ചിനീയർമാരാണ് അത് നോക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം പി.ഡബ്ല്യൂ.ഡി.യുടെ പ്രധാന ഓഫീസറുമായും ചീഫ് എഞ്ചിനീയറുമായും ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, പാലാരിവട്ടം പാലം എന്റെ മണ്ഡലത്തിലാണ്. അത് എത്രയും വേഗം തുറന്നുതരണം. ആറ് മാസമായി അടച്ചിട്ടിരിക്കുകയാണ്. അങ്ങേയ്ക്കൊക്കെ അറിയാം. കേരളത്തിൽ വലിയ ചർച്ചയാണത്. 2016 ഒക്ടോബർ 12-ാം തീയതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ഞാനും പങ്കെടുത്ത യോഗത്തിൽ പാലം ഉദ്ഘാടനം ചെയ്തത്. അവിടെവച്ച് കരാറുകാരന് അങ്ങ് മുഖ്യമന്ത്രിയെക്കൊണ്ട് സമ്മാനവും കൊടുപ്പിച്ചു. കരാറുകാരനെ ഞാൻ പലവട്ടം കണ്ട് സംസാരിച്ചു. ഇപ്പോൾ ഹൈക്കോടതി സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും ലോഡ് ടെസ്റ്റ് നടത്തണമെന്ന് പറഞ്ഞു. അങ്ങ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോയിരിക്കുകയാണ്. അതവിടെ നിൽക്കട്ടെ. ഈ കരാറുകാരൻ പറയുന്നൊരു കാര്യം, ഈ തെറ്റ് കണ്ടുകഴിഞ്ഞപ്പോൾ... ഒക്ടോബറിൽ ഉദ്ഘാടനം കഴിഞ്ഞ് നവംബറിൽത്തന്നെ ചെറിയ ചെറിയ പോരായ്മയുണ്ട് എന്നുപറഞ്ഞ് കിഡ്കോയ്ക്ക് കത്തുകൊടുത്തു. ആ കത്ത് കൊടുത്തിട്ട് മൂന്ന് വർഷത്തേയ്ക്ക് അവർ റെസ്പോൺഡ് ചെയ്തില്ല എന്നാണ് അയാൾ രേഖാമൂലം കോടതിയിൽ കൊടുത്തിരിക്കുന്നത്. വസ്തുത ഇതായിരിക്കെ പാലത്തിന്റെ 80 ശതമാനം വർക്ക് യു.ഡി.എഫ്.ന്റെ കാലത്തും 20 ശതമാനം വർക്ക് എൽ.ഡി.എഫ്.ന്റെ

കാലത്തുമാണ് നടന്നിട്ടുള്ളതെന്ന് അങ്ങും സമ്മതിക്കുമല്ലോ; കരാറിൽ ക്രമക്കേട് നടന്നിട്ടുണ്ട്, ഇതൊരു പഞ്ചവടിപ്പാലമാണെങ്കിൽ 80 ശതമാനം യു.ഡി.എഫ്.ന്റെ പഞ്ചവടിപ്പാലവും 20 ശതമാനം എൽ.ഡി.എഫ്.ന്റെ പഞ്ചവടിപ്പാലവുമാണല്ലോ; എനിക്ക് ഒരു കാര്യം മാത്രമേ പറയുവാനുള്ളൂ. പാലം എത്രയും പെട്ടെന്ന് തുറക്കണം. അക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ; എന്തുകൊണ്ടാണ് ലോഡ് ടെസ്റ്റ് വേണ്ടെന്ന് വയ്ക്കുന്നത്?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട കോടതികളിൽ ഇരിക്കുന്ന പ്രശ്നങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. വളരെ സദുദ്ദേശത്തോടും യാതൊരു തരത്തിലുള്ള വ്യക്തിവൈരാഗ്യമോ കാലുഷ്യമോ ഇല്ലാതെയുമാണ് സർക്കാർ ഈ പ്രശ്നത്തെ ഇതുവരെ കൈകാര്യം ചെയ്തത് എന്ന് എല്ലാവർക്കും അറിയാം. അത് 20 ശതമാനവും എൺപതുമൊക്കെ ഇരിക്കട്ടെ. അതിന്റെ കണക്കൊക്കെ ഉണ്ടല്ലോ. അതൊന്നും പ്രശ്നമില്ല. ഈ കോൺട്രാക്ടർ പണിത മറ്റേതെങ്കിലും പാലം കുഴപ്പത്തിലായോ; ഇല്ലല്ലോ. ആലപ്പുഴ ബൈപ്പാസ് അദ്ദേഹമാണ് പണിതുകൊണ്ടിരിക്കുന്നത്. കാലതാമസമൊക്കെ അയാൾ വരുത്തിയിട്ടുണ്ട്. പക്ഷേ പാലത്തിന് ഇതുവരെ കുഴപ്പമൊന്നും വന്നിട്ടില്ല. അതല്ല

നമ്മുടെ പ്രശ്നം. ഇത് കുഴപ്പമായി. കുഴപ്പമായത് ചില്ലറ റിപ്പോർട്ടല്ല. മദ്രാസ് ഐ.ഐ.റ്റി. വന്ന് വിശദമായി പഠിച്ച് രണ്ട് വോളിയത്തിലാണ് അവർ റിപ്പോർട്ട് തന്നത്. ഓരോ ഗർഡറിനെ കുറിച്ചും അതിൽ വിശദമാക്കിയിട്ടുണ്ട്. ഇതിന്റെ ഡിസൈനിൽത്തന്നെ തകരാർ സംഭവിച്ചു. എല്ലാം കുഴപ്പത്തിലാണ്. കമ്പിയില്ല, സിമെന്റില്ല. ധൃതിപിടിച്ച് ചെയ്തു. അതുകൂടാതെ, ബഹുമാന്യനായ ശ്രീ. ഇ. ശ്രീധരനും ഒരു അഭിപ്രായം പറഞ്ഞു. അദ്ദേഹത്തെക്കൊണ്ടും പരിശോധിപ്പിച്ചു. അദ്ദേഹവും ഈ അഭിപ്രായംതന്നെ പറഞ്ഞു. പിന്നീട് മൂന്ന് ചീഫ് എഞ്ചിനീയർമാരുടെ കേരള ടീമിനെ വിട്ടു. അവരും ഒരു അഭിപ്രായം പറഞ്ഞു. ആ അഭിപ്രായങ്ങളിലെല്ലാം റിപ്പയറിന് മുമ്പ് ലോഡ് ടെസ്റ്റ് നടത്താനേ പാടില്ല എന്നാണ് പറഞ്ഞത്. പി.ഡബ്ല്യൂ.ഡി. മാന്വലും നാഷണൽ ലെവലിലുള്ള നിയമങ്ങളൊക്കെ ഞങ്ങൾ എടുത്തുനോക്കി. ഇത്ര ശതമാനത്തിൽ താഴെയുണ്ടെങ്കിൽ, അതായത് അതിന്റെ ഡിഫ്ലക്ഷൻ അല്ലെങ്കിൽ അകൽച്ച ഇത്ര ശതമാനത്തിന് താഴെയുണ്ടെങ്കിലേ ചെയ്യാവൂ. അതിനൊക്കെ അപ്പുറത്താണിത്. അതുകൊണ്ടാണ് ചെയ്യാതിരുന്നത്. സാങ്കേതികമായതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കോൺട്രാക്ടർ കേസ് കൊടുത്തു. കുറേ പ്രൈവറ്റ് എഞ്ചിനീയർമാർ അതിന്റെ കൂടെച്ചേർന്നു. എന്തിനേറെ, കിഡ്കോയും

അതിന്റെക്കൂടെ ചേർന്നു. കിഡ്കോയും ഗവൺമെന്റിനെതിരെയുള്ള കേസ്സിൽ ഹൈക്കോടതിയിൽ ചേർന്നു. അവരും ഉത്തരവാദികളാണ്. ഡിസൈനിന്റെ ചുമതല അവർക്കായിരുന്നു. ഒരാൾ ജയിലിൽ പോയല്ലോ. കൂടുതൽ പേർ ജയിലിൽ പോകാതിരിക്കാനുള്ള കളി അവർ കളിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയിരിക്കട്ടെ. ഞങ്ങൾ ആരുടെയും പേരൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട ജഡ്ജി ലോഡ് ടെസ്റ്റ് നടത്താൻ പറഞ്ഞു. പക്ഷേ സാങ്കേതിക റിപ്പോർട്ടുകൊണ്ട് ഞങ്ങൾക്കുടനെ നടത്താനാവില്ല. ഞങ്ങൾ ലീഗൽ റെമഡി മാക്സിമം നോക്കി. ഒരു റിവ്യൂ പെറ്റീഷൻ കൊടുത്തു. വായിച്ചുനോക്കാതെ തള്ളി. ആയിക്കോട്ടെ. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് കൊടുത്തു. സുപ്രീംകോടതിയിൽ കൊടുത്തിട്ട് രണ്ടാഴ്ചയായി. ഇപ്പോൾ സുപ്രീംകോടതി ലിസ്റ്റ് ചെയ്തിട്ടുണ്ട്. പറയുന്നതുപോലെ ചെയ്യാം. അത്രയേയുള്ളൂ.

അതായത് 2020 നവംബറിന് മുമ്പ് 100 വർഷക്കാലം പഴക്കമുള്ള പാലം പണിയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞാൻ, ചീഫ് സെക്രട്ടറി, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി എന്നിവർ ശ്രീ. ഇ. ശ്രീധരനുമായി ചർച്ച ചെയ്തു. ഞങ്ങൾ ക്യാബിനറ്റ് കൂടി തീരുമാനിച്ചു. ഡി.എം.ആർ.സി.ക്ക് കോൺട്രാക്ട് കൊടുത്തു. കോൺട്രാക്ട് കൊടുത്തതിന് ശേഷമാണ് ഈ സ്റ്റേ വന്നത്. അതിൽ അങ്ങ് പറയുന്ന

യാതൊരു പ്രശ്നവുമില്ല. എല്ലാവരും സദ്ബുദ്ധി കാണിക്കുക. നിയമം അതിന്റെ വഴിക്ക് പൊയ്ക്കോട്ടെ. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി എന്തായാലും അത് നടപ്പാക്കിയേക്കാം. പ്രശ്നമില്ലല്ലോ. സുപ്രീംകോടതിയുടെ വിധി എന്തായാലും ശരി നമുക്ക് ഇത് വേഗം നടപ്പിലാക്കുന്നതിന് ഒരുമിച്ച് നിൽക്കണം. സർക്കാർ അതിന്റെകൂടെയാണ് നിൽക്കുന്നത്. ഏറ്റവും നല്ല തീരുമാനമാണ് സർക്കാർ എടുത്തിരിക്കുന്നത്. അത് കോടതിയിൽപ്പോയി ചോദ്യം ചെയ്യേണ്ടതില്ല എന്ന് പറയാൻ പറ്റില്ല. ചോദ്യം ചെയ്തില്ലായിരുന്നുവെങ്കിൽ പാലത്തിന്റെ പണി ഇപ്പോൾ ആരംഭിക്കുമായിരുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.. ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)